# അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

പുസ്തകം 2 | ലക്കം 6 | പേജ് 8




## സ്തേഫാനോസ് മാർ തേവോദോസിയോസ് കാലം ചെയ്തു

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭയുടെ കൊൽക്കത്താ ഭദ്രാസനാധിപൻ സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ (83) കാലം ചെയ്തു. പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ പങ്കെടുക്കാൻ 25-ന് മസ്ക്കറ്റിലെത്തിയ മെത്രാപ്പോലീത്തായെ ദേഹാസ്വാസ്ഥ്യത്തെ തുടർന്നു ഞായറാഴ്ച വൈകിട്ടാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. റോയൽ ആശുപത്രിയിൽ തിങ്കളാഴ്ച പുലർച്ചെ അഞ്ചു മണിയോടെയായിരുന്നു അന്ത്യം. ഭൗതികശരീരം പ്രത്യേക വിമാനത്തിൽ ഭിലായിലേക്കു കൊണ്ടുവന്ന് ഭിലായ് സെന്റ് തോമസ് ആശ്രമത്തിൽ കബറടക്കി.

കോട്ടയം ജില്ലയിലെ വാകത്താനം പാത്താമുട്ടം കയ്യാലാത്ത് കുര്യന്റെയും മറിയാമ്മയുടെയും പുത്രനായി 1924 ഒക്ടോബർ രണ്ടിനു ജനിച്ചു. ജബൽപൂർ സി. എ. ജയിൻ കോളേജിൽ നിന്നു ബിരുദവും അവിടെത്തന്നെ മഹാകേശൽ യൂണിവേഴ്സിറ്റിയിൽ നിന്ന് എം. എ. യും നേടി. തുടർന്നു ബി.ഡി., എസ്. ടി. എം. ബിരുദവും അമേരിക്കയിലെ 'യേൽ' യൂണിവേഴ്സിറ്റിയിൽ നിന്നു ഡോക്ടറേറ്റും കരസ്ഥമാക്കി.

പരിശുദ്ധ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായിൽ നിന്ന് 1947-ൽ കശ്ശീശാപട്ടം സ്വീകരിച്ചു. 1975-ൽ പരിശുദ്ധ ഔഗേൻ ബാവാ മെത്രാപ്പോലീത്താ സ്ഥാനം നൽകി.

ഭിലായ് സെന്റ് തോമസ് മിഷന്റെയും നാഗ്പൂർ സെന്റ് തോമസ് സെമിനാരിയുടെയും സ്ഥാപകനാണ്. വടക്കേ ഇന്ത്യയിലെ പത്തു ഗ്രാമങ്ങളിൽ ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ കെയർ പ്രോജക്ട്, ബാലവാടികൾ, പി. എച്ച്. സെന്ററുകൾ, തൊഴിൽ പരിശീലനകേന്ദ്രങ്ങൾ എന്നിവ തുടങ്ങി. മധ്യപ്രദേശ് ക്രിസ്ത്യൻ കോളജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജി, ഭിലായ് സെന്റ്തോമസ് കോളജ്, ഇരുപതിലേറെ ഹയർ സെക്കൻഡറി സ്കൂളുകൾ, പാത്താമുട്ടം സാന്തോം കോൺവന്റ് എന്നിവയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സ്ഥാപിച്ചവയാണ്.

### ആദരാഞ്ജലികൾ

**അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ സുഹൃത്തും അഭ്യുദയകാംക്ഷിയുമായിരുന്നു സ്തേഫാനോസ് മാർ തേവോദോസ്യോസ് തിരുമേനി. കഴിഞ്ഞ നിയുക്ത കാതോലിക്കാ തിരഞ്ഞെടുപ്പിൽ അദ്ദേഹത്തെ പിന്തുണയ്ക്കാതിരുന്നിട്ടും ആ സ്നേഹത്തിനും സൗഹൃദത്തിനും ഒരു കോട്ടവും തട്ടിയിരുന്നില്ല. പ്രവാസികളുടെ ഇടയന്, സ്നേഹധനനായ മാർ തേവോദോസ്യോസ് തിരുമേനിക്ക് ഓർത്തഡോക്സ് അൽമായവേദിയുടെ പ്രണാമം.**

## കൂനൻകുരിശുസത്യം മുതൽ ഓർത്തഡോക്സ് സഭ വൈദേശികാധിപത്യത്തെ ചെറുക്കുന്നു: മന്ത്രി എ. കെ. ബാലൻ

പരുമല: ഓർത്തഡോക്സ് സഭ കൂനൻകുരിശു സത്യം മുതൽ (1653) വൈദേശികാധിപത്യത്തെ ചെറുക്കുന്ന ഒരു സമൂഹമാണെന്ന് വൈദ്യുതി മന്ത്രി എ. കെ. ബാലൻ പ്രസ്താവിച്ചു. സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളെയും മന്ത്രി ബാലൻ ശ്ലാഘിച്ചു. ഒരു ഭരണാധികാരിയും ഇതുവരെ നടത്താത്ത പ്രസ്താവന നിരീശ്വരനായ മന്ത്രിയിൽ നിന്നുണ്ടായത് സദസ്യരെ മുഴുവൻ ആഹ്ലാദഭരിതരാക്കി. ഏഷ്യയിലെ തന്നെ ആദ്യത്തെ അധിനിവേശ പ്രതിരോധ ജനമുന്നേറ്റമായി രാജൻ ഗുരുക്കളെപ്പോലെയുള്ള പ്രഗത്ഭരായ ചരിത്രകാരന്മാർ വാഴ്ത്തിയിട്ടുള്ള ചരിത്രത്തിലെ ആ വലിയ നാഴികക്കല്ല് വേണ്ടവിധം ശ്രദ്ധിക്കപ്പെടാത്തത് സഭയുടെ തന്നെ പോരായ്മയാണെന്ന് ഇപ്പോൾ തെളിയുന്നു.

നിർഭാഗ്യകരമായ മറ്റൊരു വസ്തുത, തുടർന്ന് പ്രസംഗിച്ച ഒരു പ്രസംഗകനും സഭയുടെ ഇന്നത്തെ പ്രതിസന്ധിയും വൈദേശികാധിപത്യത്തെ ചെറുക്കുവാൻ ശ്രമിക്കുന്നതിനാലാണെന്ന വസ്തുത ഭരണപ്രതിപക്ഷ നേതാക്കളുൾപ്പെടുന്ന സദസ്സിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിൽ പരാജയപ്പെട്ടു എന്നുള്ളതാണ്. സഭയുടെ നിലപാടുകൾ വേണ്ടുന്ന വേദിയിൽ വേണ്ടപോലെ അവതരിപ്പിക്കുവാൻ പര്യാപ്തമായ ഒരു നേതൃത്വത്തിന്റെ അഭാവം മുഴച്ചു കണ്ടു.

മാനേജിംഗ് കമ്മറ്റി തീരുമാനപ്രകാരമാണ് ഈ ചടങ്ങ് സംഘടിപ്പിച്ചതെങ്കിലും വളരെ ചുരുക്കം മാനേജിംഗ് കമ്മറ്റിയംഗങ്ങൾ (നോമിനേറ്റഡ് മെമ്പർമാരുൾപ്പെടെ) മാത്രമാണ് എത്തിച്ചേർന്നത്. നിയുക്ത കാതോലിക്കായൊഴികെ ഒരു മെത്രാനെയും സ്ഥലത്തു കണ്ടില്ല. എന്തെങ്കിലുമൊക്കെ തീരുമാനിക്കണമെന്നല്ലാതെ അത് നടപ്പാകുന്നുണ്ടോ എന്നന്വേഷിക്കുന്നതിലുള്ള മാനേജിംഗ് കമ്മറ്റി മെമ്പർമാരുടെ താല്പര്യരാഹിത്യം ഇവിടെയും വ്യക്തമായി.

## പ. ദിദിമോസ് ബാവാ 87-ാം വയസ്സിലേക്ക്

പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 87-ാം ജന്മദിനം പരുമലയിൽ വച്ച് സമുചിതമായി ആഘോഷിച്ചു. സഭാതലവനായതിനു ശേഷം വരുന്ന രണ്ടാമത്തെ ജന്മദിനമാണിത്. കേരളത്തിലെ വൈദ്യുത മന്ത്രി എ. കെ. ബാലൻ, പ്രതിപക്ഷനേതാവ് ഉമ്മൻ ചാണ്ടി എന്നീ രാഷ്ട്രീയ നേതാക്കളും ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത, റീത്തിലെ തോമസ് മാർ കൂറിലോസ് മുതലായ സഭാതലവന്മാരും ഓർത്തഡോക്സ് സഭാനേതൃത്വത്തിലെ ചിലരും യോഗത്തിൽ പങ്കെടുത്തു. ട്രസ്റ്റിമാർ അസാന്നിദ്ധ്യത്തിലൂടെ ശ്രദ്ധേയരായി.

**പ. ബാവാ തിരുമേനിക്ക് അൽമായവേദിയുടെ ജന്മദിനാശംസകൾ**



## തൃക്കുന്നത്ത് സെമിനാരി: ഫാ. ഡോ. എം. ഒ. ജോൺ പുറത്തേയ്ക്ക്

**അൽമായവേദി ന്യൂസ് സർവ്വീസ്**

ആലുവാ: ആലുവാ തൃക്കുന്നത്തു സെമിനാരി മാനേജർ സ്ഥാനത്തു നിന്ന് ഫാ. ഡോ. എം. ഒ. ജോണിനെ മാറ്റി പകരം ഫാ. മത്തായി ഇടയനാലിനെ നിയമിച്ചു. ഫാ. യാക്കോബ് തോമസാണ് അസിസ്റ്റന്റ് മാനേജർ. അങ്കമാലി മെത്രാപ്പോലീത്തായുടെ ചുമതല കൂടിയുള്ള മലങ്കര മെത്രാപ്പോലീത്തായാണ് കല്പന പുറപ്പെടുവിച്ചത്.

ഒരു വർഷം മുമ്പാണ് ഫാ. ബോബി വർഗീസിനെ മാനേജർ സ്ഥാനത്തു നിന്നും നീക്കി ഫാ. ഡോ. എം. ഒ. ജോണിനെ മാനേജരായി നിയമിച്ചത്. ചുവന്ന കുപ്പായമോഹികളും വിഭജനവാദികളും, അന്ന് ദേവലോകത്ത് സജീവമായിരുന്ന കുപ്പായ കോക്കസും ചേർന്നാണ് ഫാ. ബോബി വർഗീസിനെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചും, പ. പിതാവിനെ തെറ്റിദ്ധരിപ്പിച്ചും തൃക്കുന്നത്ത് സെമിനാരിയിൽ ഫാ. ഡോ. എം. ഒ. ജോണിനെ നിയമിച്ചത്. ആലുവാ തൃക്കുന്നത്തു സെമിനാരി എന്നും സംരക്ഷിച്ചുവന്ന യുവജനങ്ങളെ അവിടെനിന്ന് അകറ്റുകയും 2007 ജനുവരി 25-നു തോമസ് പ്രഥമനടക്കമുള്ള പുത്തൻകുരിശു മെത്രാന്മാർക്ക് കയറാൻ വഴിയൊരുക്കുകയും ചെയ്തു എന്നതാണ് ഇക്കാലത്തു നടന്ന ഏറ്റവും പ്രധാന സംഭവം.

അന്നു മുതൽ ഫാ. ഡോ. എം. ഒ. ജോണിനെ മാറ്റണമെന്ന ചിന്ത സഭാകേന്ദ്രത്തിൽ ശക്തമായിരുന്നു. പല പ്രാവശ്യം അദ്ദേഹത്തെ നീക്കം ചെയ്യാൻ തീരുമാനമെടുത്തെങ്കിലും ദേവലോകം കേന്ദ്രീകരിച്ചുള്ള ചുവന്ന കുപ്പായമോഹികൾ വിവിധ മുടന്തൻ ന്യായങ്ങളുന്നയിച്ച് ഈ നീക്കം തടയുകയായിരുന്നു.

രാഷ്ട്രീയ നാടകങ്ങളെ വെല്ലുന്ന ഉദ്വേഗജനകമായ സംഭവ പരമ്പരകൾക്കൊടുവിലാണ് ഈ കല്പന പുറത്തുവന്നത്. അപ്രതീക്ഷിത നീക്കത്തിലൂടെ ഫാ. ഡോ. എം. ഒ. ജോണിനെ ദേവലോകത്തു വിളിച്ചു വരുത്തിയാണ് കല്പന നൽകിയത്. പുതിയ മാനേജർമാർക്കുള്ള കല്പന പ. പിതാവ് നേരിട്ടു നല്കി. അങ്കമാലി ഭദ്രാസനത്തിലെ സീനിയർ വൈദികനായ ഫാ. മത്തായി ഇടയനാൽ അറിയപ്പെടുന്ന കാഥികനും മുൻ അദ്ധ്യാപകനുമാണ്. 1970-കളിൽ ഇപ്പോഴത്തെ തോമസ് പ്രഥമൻ, ഫാ. ഇടയനാൽ വികാരിയായിരുന്ന പഴന്തോട്ടം പള്ളിയിൽ അനധികൃതമായി പ്രവേശിക്കാൻ ശ്രമിക്കുകയും അനേകദിവസം പള്ളിക്കു മുമ്പിൽ കുത്തിയിരിപ്പു നടത്തുകയും ചെയ്തെങ്കിലും പ്രയോജനമുണ്ടായില്ല. ഇദ്ദേഹത്തിന്റെ ഭരണകാലത്ത് ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ പ്രവേശിക്കാൻ തോമസ് പ്രഥമൻ ധൈര്യപ്പെടുകയില്ലെന്നു വിലയിരുത്തപ്പെടുന്നു. എത്യോപ്യൻ യാത്രയ്ക്കു മുമ്പ് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ നേരിട്ടു വിളിച്ചാണ് ഇദ്ദേഹത്തോട് ചുമതലയേല്ക്കാൻ ആവശ്യപ്പെട്ടത്.

2007 നവംബർ രണ്ടിന് നടക്കുന്ന കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ചരമശതാബ്ദിക്കും 2008 ജനുവരി 26-നു കുറ്റിക്കാട്ടിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ഓർമപ്പെരുന്നാളിനും പുത്തൻകുരിശു മെത്രാന്മാർ സംഘർഷമുണ്ടാക്കാൻ സാദ്ധ്യതയുണ്ടെന്നും, ഫാ. ഡോ. എം. ഒ. ജോൺ മുൻവർഷത്തെപ്പോലെ ഇതു തടയാൻ ശ്രമിക്കുകയില്ലെന്നും അങ്കമാലി ഭദ്രാസനത്തിലെ യുവജനങ്ങൾ മുന്നറിയിപ്പ് നൽകിയിരുന്നു. ഫാ. ഡോ. എം. ഒ. ജോണിനെ നീക്കം ചെയ്യാത്തപക്ഷം പ്രത്യക്ഷ സമര പരിപാടികളിലേയ്ക്ക് നീങ്ങുമെന്നും പ. മാത്യൂസ് ദ്വിതീയൻ, പ. ദിദിമോസ് പ്രഥമൻ എന്നിവരോടൊപ്പം പ്രതിസന്ധിഘട്ടങ്ങളിൽ ഉറച്ചുനിന്ന ഇവർ അറിയിച്ചിരുന്നതായി അൽമായവേദി നേരത്തെ റിപ്പോർട്ട് ചെയ്തിരുന്നു.

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ യുവ വൈദികനാണ് അവിവാഹിതനായ ഫാ. യാക്കോബ് തോമസ്. 2007 ഏപ്രിൽ മാസത്തിൽ ഇദ്ദേഹത്തെ തൃക്കുന്നത്ത് സെമിനാരിയുടെ പ്രവർത്തനത്തിനായി വിട്ടുതരണമെന്ന് പ. പിതാവ് ആവശ്യപ്പെടുകയും ഇടവക മെത്രാപ്പോലീത്താ മാത്യൂസ് മാർ സേവേറിയോസ് സമ്മതം നൽകുകയും ചെയ്തെങ്കിലും ദേവലോകത്ത് നടന്ന ചരടുവലികൾ മൂലം നിയമനം നീണ്ടു പോകുകയായിരുന്നു.

കുണ്ടറ സെമിനാരി മാനേജരായ സിറിൽ റമ്പാനെ മാറ്റി പകരം ഫാ. ഡോ. എം. ഒ. ജോണിനെ അവിടെ മാനേജരായി നിയമിച്ചതായി അറിയുന്നു. പുതിയ മാനേജർമാർ ഒക്ടോബർ 10-ന് ചാർജെടുത്തു.

## മെത്രാൻ തിരഞ്ഞെടുപ്പ്: പുതിയ സംവിധാനം ഉടനെ

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: മലങ്കരസഭയിലെ മെത്രാൻ തിരഞ്ഞെടുപ്പിന് പുതിയ സംവിധാനം ഉടൻ നടപ്പിൽ വരുത്താൻ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു.

എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പ്രതിനിധികളായ മൂന്ന് മെത്രാന്മാർ, രണ്ടു കൂട്ടുട്രസ്റ്റികൾ, സെക്രട്ടറി, വൈദികസെമിനാരിയുടെ രണ്ടു പ്രതിനിധികൾ, മാനേജിംഗ് കമ്മറ്റി തിരഞ്ഞെടുക്കുന്ന ഒരു വൈദികനും രണ്ട് അൽമായക്കാരുമടങ്ങുന്ന സമിതിയാവും ഇനി ഔദ്യോഗിക സ്ഥാനാർത്ഥികളെ നിശ്ചയിക്കുക. അവശ്യമുള്ളതിനേക്കാൾ കുറഞ്ഞത് 50% കൂടുതൽ ഔദ്യോഗിക സ്ഥാനാർത്ഥികൾ ഉണ്ടാവും. വിജയത്തിന് അസോസിയേഷൻ അംഗങ്ങളിൽ വൈദികരുടെയും അവൈദികരുടെയും പ്രത്യേക ഭൂരിപക്ഷം (50% + 1) എന്നതിൽ മാറ്റമില്ല. ഈ രീതി മാറ്റാൻ ചില മെത്രാന്മാർ ശ്രമിച്ചെങ്കിലും ജൂണിയർ മെത്രാന്മാരിൽ ചിലരുടെ ശക്തമായ എതിർപ്പിനെ തുടർന്ന് അത് വിജയിച്ചില്ല.

നിലവിലുള്ള ചട്ടമനുസരിച്ച് അതത് ഭദ്രാസനത്തിൽപ്പെട്ടവരെ മാത്രമേ ഓരോ മെത്രാപ്പോലീത്തായ്ക്കും ശുപാർശ ചെയ്യാനാവൂ. പുതുക്കിയ ചട്ടമനുസരിച്ച് ഏതു മെത്രാപ്പോലീത്തായ്ക്കും ശുപാർശ ചെയ്യാമെന്നാക്കിയിട്ടുണ്ട്. വ്യക്തിവൈരാഗ്യം മൂലം ചില മെത്രാന്മാർ ചില വൈദികരെ നാമനിർദ്ദേശം ചെയ്തില്ല എന്ന പരാതി ഇതിനാൽ ഒഴിവാകും. എന്നാൽ മെത്രാന്മാർക്കല്ലാത്തവർക്ക് ഔദ്യോഗിക പാനലിലേയ്ക്കു ശുപാർശ ചെയ്യാനാവുമോ എന്നു വ്യക്തമല്ല. റോമൻ കത്തോലിക്കാ സഭയിലേതു പോലെ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശം മെത്രാന്മാർക്ക് മാത്രമായി പരിമിതപ്പെടുത്താൻ ചില മെത്രാന്മാർ നടത്തിയ ശ്രമം സുന്നഹദോസ് അംഗങ്ങൾ തന്നെ പരാജയപ്പെടുത്തി.

# മെത്രാൻ തിരഞ്ഞെടുപ്പ് ഏപ്രിലിൽ: പുതിയ ഗ്രൂപ്പുകൾ രൂപമെടുക്കുന്നു

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: മലങ്കരസഭയിലെ അടുത്ത മെത്രാൻ തിരഞ്ഞെടുപ്പ് 2008 ഏപ്രിലിൽ നടന്നേക്കും. അതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചതോടെ സ്ഥാനകാംക്ഷികൾ പുതിയ തന്ത്രങ്ങളുമായി രംഗത്തിറങ്ങി.

2007 ഡിസംബറിൽ തിരഞ്ഞെടുപ്പു നടക്കുമെന്ന പ്രതീക്ഷയോടെ കഴിഞ്ഞ മാനേജിംഗ് കമ്മറ്റി തിരഞ്ഞെടുപ്പും നോമിനേഷനും മുതൽ ചിലർ ചരടുവലി നടത്തിയിരുന്നു. നിലവിലിരിക്കുന്ന നടപടിപ്രകാരം സുന്നഹദോസിന്റെയും മാനേജിംഗ് കമ്മറ്റിയുടെയും അംഗീകാരം സംഘടിപ്പിച്ച് ഔദ്യോഗിക പാനലിൽ കയറിപ്പറ്റാനാണ് കഴിഞ്ഞ മെത്രാൻ തിരഞ്ഞെടുപ്പിൽ അനൗദ്യോഗിക സ്ഥാനാർത്ഥിയായി മത്സരിച്ച ഇപ്പോൾ മാനേജിംഗ് കമ്മറ്റിയംഗമായ ഒരു വൈദികന്റെ നേതൃത്വത്തിൽ ചരടുവലി നടത്തിയത്. സ്ഥാനമോഹികളായ മറ്റു ചില വൈദികരെയും കൂട്ടുപിടിച്ചു നടത്തിയ ഈ കളിയുടെ ഫലമായി സ്വന്തം സ്ഥാനാർത്ഥിയെ അസോസിയേഷൻ സെക്രട്ടറിയായി വിജയിപ്പിക്കാൻ സാധിച്ചതോടെ തികഞ്ഞ ആത്മവിശ്വാസത്തിലായിരുന്നു ഇവർ.

എന്നാൽ ഡിസംബറിൽ തിരഞ്ഞെടുപ്പു നടക്കാതെ വരികയും ഔദ്യോഗിക പാനൽ നിർണ്ണയിക്കാൻ പുതിയ സമിതി രൂപീകരിക്കുകയും ചെയ്തതോടെ ഈ ഗ്രൂപ്പിന്റെ ഐക്യം തകർന്നു. ഗ്രൂപ്പുതലവൻ ഔദ്യോഗികപാനലിൽ ഉൾപ്പെടുകയില്ലെന്ന് ഏതാണ്ട് ഉറപ്പായതോടെ മറ്റു സ്ഥാനമോഹികൾ ഓരോന്നായി ഗ്രൂപ്പു ബന്ധം അവസാനിപ്പിച്ചു സ്വന്തം മാർഗ്ഗം തേടുകയാണ്.

ഈ സാഹചര്യത്തിലാണ് പുതിയൊരു ഗ്രൂപ്പിനു മാനേജിംഗ് കമ്മറ്റിയിൽ രൂപംകൊടുക്കുന്നത്. മാനേജിംഗ് കമ്മറ്റിയിൽ ഒരു തീവ്രവാദി വിഭാഗത്തിനു രൂപംകൊടുക്കുകയും അവരെ ഉപയോഗിച്ചു സഭാകേന്ദ്രത്തിനെ ഭീഷണിപ്പെടുത്തി തന്റെ കസേര ഉറപ്പാക്കുകയും ചെയ്യുക എന്ന തന്ത്രമാണ് മെനയുന്നത്.

തീവ്രവാദി വിഭാഗത്തിനോട് ആഭിമുഖ്യമുണ്ടെന്നു കരുതപ്പെടുന്ന ചില അംഗങ്ങളെക്കൊണ്ട് പ്രകോപനപരമായ ചോദ്യങ്ങൾ ചോദിപ്പിക്കുകയും ഉത്തരത്തിലൂടെ സഭാകേന്ദ്രത്തെ വെട്ടിലാക്കുകയും ചെയ്യുക എന്ന തന്ത്രമാണ് കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയിൽ സ്വീകരിച്ചത്. സഭയോട് ആത്മാർത്ഥതയുള്ളവരും എന്നാൽ ഇത്തരം കുരുട്ടുബുദ്ധി ഇല്ലാത്തവരുമായ ഒരു നല്ല പങ്ക് മാനേജിംഗ് കമ്മറ്റിയംഗങ്ങളെ തന്ത്രത്തിൽ തങ്ങളോടൊപ്പം ചേർക്കുക എന്ന അടവുനയമാണ് ഇവർ സ്വീകരിക്കുന്നത്.

വരുന്ന മാനേജിംഗ് കമ്മറ്റിയിൽ ഈ ഗ്രൂപ്പ് കൂടുതൽ ശക്തമാക്കുകയും അങ്ങനെ സഭാകേന്ദ്രത്തെ ഭീഷണിപ്പെടുത്തി ചുവന്ന കുപ്പായം ഉറപ്പാക്കുകയും സെക്രട്ടറിയുടെ കസേര ഉറപ്പിക്കുകയും ചെയ്യാമെന്നാണത്രേ ഇവരുടെ കണക്കുകൂട്ടൽ. വേണമെങ്കിൽ മെത്രാന്മാർക്കെതിരായി ആഞ്ഞടിച്ച് ആ വികാരവും മുതലാക്കാമെന്നും കണക്കുകൂട്ടുന്നു.

# സാഹചര്യം പുനരൈക്യത്തിന് അനുകൂലം: അൽമായവേദി

കോട്ടയം: സമീപകാലത്തുണ്ടായ കോടതിവിധികൾ പുത്തൻകുരിശു സൊസൈറ്റിയെ മലങ്കരസഭയുമായി എത്രയും വേഗം പുനരൈക്യപ്പെടുവാൻ നിർബന്ധിതരാക്കുമെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി സെക്രട്ടറിയേറ്റ് വിലയിരുത്തി. അതിനാവശ്യമായ തുടർ നടപടികളുമായി ശക്തമായി മുമ്പോട്ടുനീങ്ങണമെന്ന് സഭാകേന്ദ്രത്തോട് അൽമായവേദി അഭ്യർത്ഥിച്ചു.

മലങ്കര വർഗീസ് കേസന്വേഷണം സി. ബി. ഐ. യ്ക്ക് വിട്ട നടപടിയെ സെക്രട്ടറിയേറ്റ് സ്വാഗതം ചെയ്തു. ഇതിനുവേണ്ടി പോരാടിയ വടക്കൻ ഭദ്രാസനങ്ങളിലെ അൽമായനേതാക്കളെ യോഗം അഭിനന്ദിച്ചു.

സഭയെ പിളർന്ന് ഒരു ഭാഗം പുത്തൻ കുരിശ് സൊസൈറ്റിക്കു നൽകാനായി നടത്തുന്ന മദ്ധ്യസ്ഥശ്രമങ്ങളെ യോഗം അപലപിച്ചു. ഇത്തരം ശ്രമങ്ങളെ തള്ളിക്കളഞ്ഞ സഭാനേതൃത്വത്തെ സെക്രട്ടറിയേറ്റ് അഭിനന്ദിച്ചു.

അൽമായവേദി പ്രസിഡണ്ട് കെ. വി. ഏബ്രഹാം കൊടുവത്തിനെ അപമാനിച്ച അസോസിയേഷൻ സെക്രട്ടറിയുടെ നടപടിയിൽ യോഗം പ്രതിഷേധിച്ചു.

**ഓഫ് സൈഡ് - ഓഫ് സൈഡ്**

## ചരിത്രമെന്നാലെന്ത്?

സഭാചരിത്രം അങ്ങാടിയോ പച്ചയോ എന്ന് നിശ്ചയമില്ലാത്ത ചില ആസ്ഥാന പണ്ഡിതന്മാർ ഉണ്ടെന്ന് ഈയിടെ നടന്ന ഒരു സംഭവം വെളിവാക്കി. സ്ഥലം സോഫിയാ സെന്റർ, പഴയസെമിനാരി.

സംഭവം: അൽമായ നേതൃത്വ പരിശീലന പരിപാടി. പ്രസംഗകൻ മലങ്കര ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ സെക്രട്ടറി. പ്രസംഗകൻ ഇതി ഉവാച: 1934 ലെ ഭരണഘടന തയ്യാറാക്കുവാൻ വട്ടശ്ശേരിൽ തിരുമേനി നിയോഗിച്ച കമ്മറ്റിയിൽ അൽമായക്കാർ മാത്രമായിരുന്നു ഉണ്ടായിരുന്നത്. അൽമായ നേതൃത്വത്തിൽ തിരുമേനിക്കുണ്ടായിരുന്ന വിശ്വാസത്തിന്റെ അടയാളമാണത്.

"ശരിയല്ലല്ലോ സാറെ, ചുരുങ്ങിയപക്ഷം പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, ചെറിയമഠത്തിൽ സ്കറിയാ കത്തനാർ എന്നിവരെങ്കിലും ആ കമ്മറ്റിയിലുണ്ടായിരുന്നല്ലോ" എന്നൊരു അസ്മാദൃശ്യൻ സംശയം പ്രകടിപ്പിച്ചു (പ്രസംഗത്തിനു ശേഷം സ്വകാര്യമായി. സെക്രട്ടറിയെ സദസ്സിൽ വച്ച് നാണം കെടുത്തേണ്ട എന്ന സദുദ്ദേശ്യത്തോടെ). മറുപടി ഉടൻ വന്നു. ആധികാരികമായി ചരിത്രം അറിയാവുന്ന ഒരാളിൽ നിന്ന് ഞാൻ മനസ്സിലാക്കിയതാണിത്. പ്രസ്താവനയിൽ ഉറച്ചു നിൽക്കുന്നു. അസ്മാദൃശ്യന് ആശയക്കുഴപ്പം. സംശയനിവാരണം വരുത്തുവാൻ 1934 ഭരണഘടനയുടെ നക്കൽ തേടിപ്പിടിച്ച് പരിശോധിച്ചു. കമ്മറ്റിയെ നിയമിച്ചത് വട്ടശ്ശേരിൽ തിരുമേനിയല്ല, അദ്ദേഹം പ്രസിഡണ്ടായ മാനേജിംഗ് കമ്മറ്റിയാണ്. പതിനേഴംഗ കമ്മറ്റിയിൽ അഞ്ചു വൈദികരുണ്ടായിരുന്നു; പരമ്പരാഗതമായി സഭ പിന്തുടർന്നിരുന്ന 1:2 എന്ന വൈദിക - അൽമായ അനുപാതം ഏതാണ്ട് കൃത്യമായിത്തന്നെ നിലനിർത്തിക്കൊണ്ട്.

സെക്രട്ടറി മാത്രമല്ല, മറ്റു സ്ഥാനികളും ആരുടെയെങ്കിലും പേരിലുള്ള അമിതവിശ്വാസം വച്ച് ഇത്തരം വങ്കത്തങ്ങൾ എഴുന്നള്ളിക്കരുത്. പ്ലാറ്റ്ഫോമിൽ നിന്ന് പറയുന്നതിന് ആധികാരികത വേണം. സ്വന്തം നിലയിൽ അല്പം ചരിത്രം പഠിക്കുന്നതും നന്ന്. ഏതായാലും പ്രസ്തുത ആസ്ഥാന ചരിത്ര പണ്ഡിതന്റെ അഭിപ്രായങ്ങളെ ഒരു വലിയ നുള്ള് ഉപ്പ് ചേർത്തേ വിഴുങ്ങാവൂ. ചരിത്രത്തെപ്പറ്റി ബോധമുള്ള നസ്രാണികൾ സദസ്സിലുണ്ടാകുവാൻ സാദ്ധ്യതയുണ്ട്.

# ഒഴിപ്പിച്ചെടുത്തു

കോട്ടയം: കഴിഞ്ഞ നാലു വർഷമായി വൈദികസെമിനാരി മുൻ അദ്ധ്യാപകൻ ഫാ. ഡോ. എം. ഒ. ജോൺ അനധികൃതമായി കൈവശംവച്ചിരുന്ന സെമിനാരിയിലെ മുറി ഒഴിപ്പിച്ചെടുത്തു.

സെമിനാരി അദ്ധ്യാപനത്തിൽ നിന്നു പുറത്തായശേഷം മലങ്കര മെത്രാപ്പോലീത്താമാരായ പ. മാത്യൂസ് ദ്വിതീയൻ ബാവായും പ. ദിദിമോസ് പ്രഥമൻ ബാവായും രേഖാമൂലം കല്പന നൽകിയിട്ടും ഇദ്ദേഹം അവ വകവയ്ക്കാതെ മുറി പൂട്ടിഇട്ടിരിക്കുകയായിരുന്നു. സമീപകാലത്ത് പ. ദിദിമോസ് പ്രഥമൻ ബാവാ കർശന നടപടികളിലേയ്ക്കു നീങ്ങും എന്ന മുന്നറിയിപ്പു നൽകിയശേഷമാണത്രേ ഫാ. ഡോ. എം. ഒ. ജോൺ താക്കോൽ പ. പിതാവിന് കൈമാറിയത്.

മുറിയുടെ താക്കോൽ പ. പിതാവ് സെമിനാരി പ്രിൻസിപ്പാളിനെ ഏൽപ്പിച്ചതായും അദ്ദേഹം മുറി സെമിനാരിക്കു വേണ്ടി കൈവശമെടുത്തതായും അറിയുന്നു. എന്നാൽ മുപ്പതിലധികം വർഷമായി മാർ മക്കാറിയോസിന്റെ അനധികൃത കൈവശത്തിലിരിക്കുന്ന പഴയസെമിനാരി നാലുകെട്ടിലെ അതിഥിമുറി ഒഴുപ്പിച്ചെടുക്കാനുള്ള ശ്രമം എങ്ങുമെത്തിയിട്ടില്ല.

# കാതോലിക്കാ ദിനപ്പിരിവ്: വൈദികരിൽ അമർഷം പുകയുന്നു

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: കാതോലിക്കാ ദിനപ്പിരിവിന്റെ ലക്ഷ്യം ഒറ്റയടിക്ക് അഞ്ചിരട്ടി വർദ്ധിപ്പിച്ച് അഞ്ചുകോടിയാക്കിയതിൽ വൈദികരുടെ ഇടയിൽ അമർഷം പുകയുന്നു. അസംഭവ്യമായ ഈ തുക പിരിച്ചെടുക്കാൻ മുകളിൽ നിന്നുള്ള സമ്മർദ്ദത്തിന്റെയും അതിനെതിരെ ജനങ്ങളുടെ ചെറുത്തുനിൽപിന്റേയും ഭാരം താങ്ങേണ്ടതു വൈദികരായതിനാലാണ് ഈ പ്രതിഷേധം.

കഴിഞ്ഞ ബഡ്ജറ്റിലാണ് പിരിവുലക്ഷ്യം അഞ്ചുകോടിയാക്കിയത്. വൈദീകരുടെ ക്ഷോഭം മുമ്പുകൂട്ടി കണ്ടാവണം പിരിവ് ലക്ഷ്യത്തിലെത്തുന്നപക്ഷം ഒരു ഭാഗം വൈദിക ക്ഷേമനിധിക്കു നൽകാമെന്ന് സെക്രട്ടറി വാഗ്ദാനം ചെയ്തത്. എന്നാൽ ഇതൊന്നും വൈദീകരുടെ പ്രതിഷേധം തണുപ്പിക്കാൻ പര്യാപ്തമായിട്ടില്ല.

കാതോലിക്കാദിനപ്പിരിവ് ലക്ഷ്യം കാണാത്തപക്ഷം അതിനെ അടിസ്ഥാനമാക്കി നിർമ്മിച്ച ബഡ്ജറ്റ് തകിടം മറിയുമെന്ന് ഉറപ്പാണ്.

# നാമനിർദേശ കമ്മറ്റിക്കെതിരെ പരാതി

**അൽമായവേദി ന്യൂസ് സർവ്വീസ്**

ചെങ്ങന്നൂർ: വിവിധ സബ് കമ്മറ്റികളിലേയ്ക്കുള്ള മാനേജിംഗ് കമ്മറ്റിയംഗങ്ങളെ നാമനിർദ്ദേശം ചെയ്യാൻ രൂപീകരിച്ച സബ്കമ്മറ്റി പക്ഷപാതപരമായി പെരുമാറിയെന്ന് പരാതി. ചെങ്ങന്നൂർ ഭദ്രാസനാധിപനും സുന്നഹദോസ് മുൻ സെക്രട്ടറിയും കോർപ്പറേറ്റ് സ്കൂളുകളുടെ മുൻ മാനേജരുമായ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായാണ് പ. കാതോലിക്കാബാവായ്ക്ക് രേഖാമൂലം പരാതി നൽകിയത്.

സഭ വക സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരെയോ അവരുടെ അടുത്ത ബന്ധുക്കളെയോ (മാതാവ്/ പിതാവ്/ ഭാര്യ/ ഭർത്താവ്/ മക്കൾ/ സഹോദരങ്ങൾ) അതത് സ്ഥാപനങ്ങളുടെ കമ്മറ്റികളിലേയ്ക്ക് നാമനിർദേശം ചെയ്യരുതെന്ന് മാർഗ്ഗനിർദേശം ഉണ്ടായിരുന്നു. ഈ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എ. കെ. ജോസഫ് (കോട്ടയം സെൻട്രൽ) അഡ്വ. സജി അലക്സ് (ചെങ്ങന്നൂർ) എന്നിവർ സ്കൂളുകളുടെ കമ്മറ്റിയിലേയ്ക്ക് പരിഗണിക്കപ്പെടാതിരുന്നത്.

എന്നാൽ ഫാ. കെ. എസ്. സാമുവേൽ (ചെങ്ങന്നൂർ), പ്രൊഫ. ബാബു വർഗീസ് (തുമ്പമൺ) എന്നിവർ ഈ കമ്മറ്റിയിൽ കയറിപ്പറ്റി. ഇവരുടെ ഭാര്യമാർ സഭ വക യഥാക്രമം വെൺമണി, പത്തനംതിട്ട സ്കൂളുകളിലെ അദ്ധ്യാപകരാണ്. ഇവരെ നാമനിർദേശം ചെയ്തത് മാനദണ്ഡങ്ങളുടെ ലംഘനമാണെന്ന് പരാതിയിൽ ചൂണ്ടിക്കാട്ടി.

കോളജുകളുടെ കമ്മറ്റിയിലേയ്ക്ക് നോമിനേഷൻ കമ്മറ്റിയിൽ ഭൂരിപക്ഷം പിന്തുണച്ച മാവേലിക്കര ബിഷപ്പ് മൂർ കോളജ് അദ്ധ്യാപകനും വിദ്യാഭ്യാസ വിചക്ഷണനുമായ പ്രൊഫ. ഡോ. ജിബ്ബി ജോർജിനെ അവസാന ലിസ്റ്റിൽ ഒഴിവാക്കിയതിനെയും പരാതിയിൽ പരാമർശിച്ചിട്ടുണ്ട്.

# ഉടൻ നടപടി വേണം: പ. പിതാവ്

കോട്ടയം: തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ പരാതി അടിയന്തിരമായി പരിശോധിച്ച് അവ വാസ്തവമെങ്കിൽ ഉടൻ നടപടിയെടുക്കാൻ പ. കാതോലിക്കാബാവാ നോമിനേഷൻ കമ്മറ്റി ചെയർമാൻ കൂടിയായ ശ്രേഷ്ഠ നിയുക്ത ബാവായ്ക്ക് കല്പന നൽകി. കല്പനയുടെ കോപ്പി മറ്റംഗങ്ങൾക്കും ലഭിച്ചിട്ടുണ്ട്.

സുപ്രധാനമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സബ്കമ്മറ്റിയിൽ അട്ടിമറി നടന്നിട്ടുണ്ടെന്ന് വിശ്വസനീയകേന്ദ്രങ്ങളിൽ നിന്നറിയുന്നു. സ്കൂളുകളുടെ കമ്മറ്റിയിലെ ആരോപണവിധേയരായ രണ്ടു പേരുടെയും പേര് നിർദ്ദേശിച്ച വ്യക്തി അവരുടെ അയോഗ്യത ബോധപൂർവം മറച്ചുവച്ചു.

കോളജുകളുടെ കമ്മറ്റിയിലേയ്ക്ക് കമ്മറ്റി പരിഗണിച്ചത് റിട്ട. പ്രിൻസിപ്പാളും കേരളാ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റംഗവുമായിരുന്ന ഫാ. കെ. എ. ഏബ്രഹാം, സുൽത്താൻബത്തേരി കോളജിന്റെ സ്ഥാപക നേതാക്കളിലൊരാളായ ഫാ. സണ്ണി തോമസ്, കണ്ണൂർ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. അലക്സാണ്ടർ കാരയ്ക്കൽ, റിട്ട. പ്രിൻസിപ്പാൾ ഡോ. റ്റി. എ. ജോർജ്, വിദ്യാഭ്യാസത്തിൽ ഡോക്ടറേറ്റുള്ള ഡോ. ജിബ്ബി ജോർജ് എന്നിവരെയാണ്. ഇവരുടെ പേര് ഒഴിവാക്കി വിദ്യാഭ്യാസമേഖലയുമായി പുലബന്ധം പേലുമില്ലാത്ത ഏബ്രഹാം മാത്യു വീരപ്പള്ളി, കേണൽ മാത്യു ഏബ്രഹാം തുടങ്ങിയവരെയാണ് മാനേജിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ചത്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ സഹായിച്ചവരെ തിരുകിക്കയറ്റാൻ ഒരു സ്ഥാനി നടത്തിയ കളികളാണിവയെന്ന് ആരോപണമുണ്ട്.

# റിബൽ സ്ഥാനാർത്ഥികളെ ഔദ്യോഗികമാക്കരുത്

കോട്ടയം: മെത്രാൻ തിരഞ്ഞെടുപ്പുകളിൽ മുമ്പ് ഔദ്യോഗിക പാനലിനെതിരെ മൽസരിച്ചവരെ ഇത്തവണ ഔദ്യോഗിക പാനലിൽ ഉൾപ്പെടുത്തരുതെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി സെക്രട്ടറിയേറ്റ് ആവർത്തിച്ച് ആവശ്യപ്പെട്ടു.

സ്ഥാനമോഹം മൂലമാണ് അടുത്ത അവസരത്തിനായി കാത്തിരിക്കാതെ സ്വതന്ത്ര സ്ഥാനാർത്ഥികളായി ഇവർ മത്സരിച്ചത്. ലക്ഷക്കണക്കിന് രൂപ ചിലവാക്കി പ്രചരണം നടത്തിയവർ വരെ ഈ കൂട്ടത്തിലുണ്ട്. അവരിൽ ചിലരുടെ സഹായത്തോടെ ചില സ്ഥാനങ്ങളിൽ കയറിപ്പറ്റിയവർ ഇവരെ ഔദ്യോഗിക ലിസ്റ്റിൽ തിരുകികയറ്റാൻ ശ്രമിക്കുന്നുണ്ടെന്നും അൽമായവേദി മുന്നറിയിപ്പു നൽകി. റിബൽ സ്ഥാനാർത്ഥികളെ പിന്നീട് ഔദ്യോഗികമാക്കുന്നത് കാനോൻ വിരുദ്ധമാണെന്നും അത് ഗുരുതരമായ അച്ചടക്ക ലംഘനത്തിനു വഴി വയ്ക്കുമെന്നും അൽമായവേദി ചൂണ്ടിക്കാട്ടി.

# വിഘടിതർക്ക് എന്തു കിട്ടും

## എം. കുര്യൻ തോമസ്

2007 ഓഗസ്റ്റ് 19 ഞായറാഴ്ച മംഗളം ദിനപത്രത്തിൽ *മലങ്കരസഭാ തർക്കം പരിഹരിക്കാൻ നിലക്കൽ എക്യുമെനിക്കൽ കമ്മറ്റി ചർച്ച തുടങ്ങി* എന്നൊരു വാർത്തയുണ്ട്. കമ്മറ്റിയുടെ ആത്യന്തികലക്ഷ്യമായ ഇരു സഭകളായി പിരിക്കുക എന്ന സൂചനയല്ല ഈ ലേഖനത്തിന്റെ പ്രതിപാദ്യവിഷയം. അതിനു മാർഗ്ഗദർശകമായി പരിശോധിക്കുന്ന മാനദണ്ഡങ്ങളാണ്. മലങ്കരസഭയിൽനിന്നും വിവിധ സഭാവിഭാഗങ്ങൾ പിരിഞ്ഞുപോയതിന്റെ മാനദണ്ഡങ്ങൾ ഉപയോഗിക്കാമോ എന്നാണത്രെ ഇവർ പരിശോധിക്കുന്നത്.

1665-ൽ മലങ്കരസഭയിൽ നിന്നും റോമൻ കത്തോലിക്കാ വിഭാഗം വേർപ്പെട്ടു പോയതിനു ശേഷം പിന്നീട് ഔദ്യോഗികമായ ഒരു പിരിവുണ്ടാകുന്നത് സി.എം.എസ്. മിഷനറിമാരുമായാണ്. കോട്ടയം പഴയസെമിനാരിയിൽ അദ്ധ്യാപകരായി എത്തിയ ആംഗ്ലിക്കൻ മിഷനറിമാർ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ മുഷ്ക്കിന്റെ പിൻബലത്തോടെ മലങ്കരസഭയുടെ വിശ്വാസാചാരങ്ങൾ ഭേദപ്പെടുത്താനും തുടർന്ന് സഭാഭരണവും സ്വത്തുക്കളും കൈവശപ്പെടുത്താനും ശ്രമിച്ചു. ഈ യുദ്ധത്തിന്റെ മൂർദ്ധന്യത്തിൽ ആംഗ്ലിക്കൻ മിഷനറി റവ. ജോസഫ് പീറ്റ് ഒരു ഞായറാഴ്ച സെമിനാരിയുടെ ബസ്ഗാസ മുറിയുടെ പൂട്ടുപൊളിച്ച് ചെപ്പേടുകൾ അടക്കമുള്ള രേഖകൾ മോഷ്ടിച്ചു.

ഇവയുടെ പരിസമാപ്തിയായി 1836-ൽ മാവേലിക്കര ചേർന്ന *മലങ്കര പള്ളിയോഗം* മിഷനറിമാരുമായുള്ള സഹവാസം അവസാനിപ്പിച്ചു. ആംഗ്ലിക്കൻ മിഷനറിമാരാകട്ടെ, ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെയും തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരുടെയും പിൻബലത്തോടെ മലങ്കരസഭാ സ്വത്തുക്കൾ പിടിച്ചെടുക്കാനാണ് തുനിഞ്ഞത്. ഈ പ്രശ്നം തീർക്കാൻ തിരുവിതാംകൂർ സർക്കാർ നിയമിച്ച കൊച്ചി പഞ്ചായത്തുകോടതി 1840-ൽ മലങ്കരസഭാ സ്വത്തുക്കൾ വിഭജിച്ചു. മിഷനറിമാരും അവരെ പിന്തുണയ്ക്കുന്ന ഉദ്യോഗസ്ഥരും ആവുംവിധം ശ്രമിച്ചിട്ടും മലങ്കരസഭയുടെ പൂർവ്വികസ്വത്തുക്കളിലൊന്നും (ചെപ്പേടുകൾ, വട്ടിപ്പണം മുതലായവ) മിഷനറിമാർക്ക് ലഭിച്ചില്ല. എന്നാൽ തിരുവിതാംകൂർ രാജകുടുംബം തിരുവിതാംകൂർ പ്രജകളായ നസ്രാണികൾക്കു നൽകിയ ദാനസംഖ്യ തങ്ങളുടേതാക്കുന്നതിൽ മിഷനറിമാർ വിജയിച്ചു. മിഷനറിമാർ കൈവശപ്പെടുത്തിയ ജംഗമസ്വത്തുക്കളുടെ വില മലങ്കരസഭയ്ക്കു തിരിച്ചുനൽകാനും തീർപ്പായി.

എന്നാൽ ഈ വിധി പക്ഷപാതപരമാണെന്ന് ആരോപിച്ച് അന്നത്തെ മലങ്കര മെത്രാൻ മാർ ദീവന്നാസ്യോസ് നാലാമൻ വിധിസംഖ്യ കൈപ്പറ്റാൻ വിസമ്മതിച്ചു. പിന്നീട് പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസാണ് വർഷങ്ങൾക്കുശേഷം ഈ സംഖ്യ കൈപ്പറ്റിയത്. 1876-നു ശേഷം ഇടവഴിക്കൽ ഇ. എം. ഫിലിപ്പ് തുടങ്ങിയവർ *കൊച്ചി പഞ്ചായത്തു വിധി* പക്ഷപാതപരമാണെന്നു കാണിച്ച് മദ്രാസ് സർക്കാരിനു പരാതി ബോധിപ്പിച്ചെങ്കിലും, വിധിസംഖ്യ മാർ അത്താനാസ്യോസ് കൈപ്പറ്റിയ കാരണത്താൽ തുടർനടപടികൾ അസാദ്ധ്യമായി. ചുരുക്കത്തിൽ മലങ്കരസഭയുടെ പൂർവികമായ സ്വത്തുക്കളോ ഇടവകപ്പള്ളികളോ ആംഗ്ലിക്കൻ മിഷനറിമാർക്കു ലഭിച്ചില്ല.

ഇതിൽനിന്നും സ്വല്പം വ്യത്യസ്തമായ സാഹചര്യമാണ് 1889-ൽ നവീകരണക്കാർ (പിന്നീട് *മലങ്കര മാർത്തോമ്മാ സഭ*) പിരിഞ്ഞുപോയപ്പോൾ ഉണ്ടായത്. 1889-ൽ റോയൽകോടതി അവസാന വിധി പ്രഖ്യാപിക്കുന്നതിനു തൊട്ടുമുമ്പ് തിരുവിതാംകൂർ മഹാരാജാവ് ഒരു മദ്ധ്യസ്ഥശ്രമം നടത്തി. അവിടെവെച്ച് മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ, നവീകരണസഭാ സ്ഥാപകൻ തോമസ് അത്താനാസ്യോസ് സത്യവിശ്വാസം സ്വീകരിക്കുന്നപക്ഷം, താൻ സ്ഥാനമൊഴിഞ്ഞ് അദ്ദേഹത്തെ സഭാഭരണം ഏൽപ്പിക്കാൻ തയ്യാറാണെന്നും, അങ്ങനെ സഭയിൽ ഐക്യം ഉണ്ടാകട്ടെയെന്നും അറിയിച്ചു. എന്നാൽ ചില കാരണങ്ങളാൽ - മുഖ്യമായും കൂടെനിന്ന ചില വൈദികരുടെ എതിർപ്പു മൂലമാണെന്നു പറയുന്നു - ഈ വാഗ്ദാനം തോമസ് അത്താനാസ്യോസ് സ്വീകരിച്ചില്ല. തുടർന്ന് 1889-ൽ കോടതി വിധി പറയുകയും മലങ്കരസഭ പൂർണമായും വിജയിക്കുകയും ചെയ്തു.

കേസിൽ തോറ്റ നവീകരണപക്ഷം പുതിയ സഭ സ്ഥാപിച്ചു സ്വയം പിരിഞ്ഞുപോയി (ദശാബ്ദങ്ങൾക്കുശേഷമാണ് ആ സഭയ്ക്കു *മലങ്കര മാർത്തോമ്മാ സുറിയാനി സഭ* എന്ന പേര് ലഭിച്ചത്). മലങ്കരസഭയുടെ പൂർവാർജ്ജിത സ്വത്തുക്കളോ ഇടവകപള്ളികളോ ഈ പുതിയ സഭയ്ക്കു ലഭിച്ചില്ല. ഏതാനും സിവിൽ - ജുഡീഷ്യൽ ഉദ്യോഗസ്ഥർ പക്ഷപാതപരമായ നടപടികൾ സ്വീകരിച്ചതുമൂലം ഏതാനും പള്ളികളിൽ - മൊത്തം പതിനെട്ടെന്ന് ചില കണക്കുകൾ - പൂർണമായോ ഭാഗികമായോ അവകാശം ലഭിച്ചതും, ചെപ്പേടുകളുടെ രണ്ടു തകിടുകൾ അനധികൃതമായി കൈവശം വച്ചിരിക്കുന്നതുമാണ് അവർക്കാകെ ലഭിച്ച പുരാതന സമ്പാദ്യം.

1930-ൽ മലങ്കരസഭയിലെ ബഥനി ആശ്രമത്തിന്റെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ഏതാനും അനുയായികളോടൊപ്പം മാതൃസഭവിട്ട് റോമൻ കത്തോലിക്കാസഭയിൽ ചേരുകയും, *മലങ്കര റീത്ത്* എന്ന പ്രസ്ഥാനം ആരംഭിക്കുകയും ചെയ്തു. മലങ്കര സഭയുടെ ബഥനി ആശ്രമവും ചില പള്ളികളും, മലങ്കരസഭ അദ്ദേഹത്തെ മാനേജരാക്കി നിയമിച്ചിരുന്ന സഭ വക സ്കൂളുകളും കൈവശപ്പെടുത്താൻ ചതുരുപായങ്ങളും പ്രയോഗിച്ച് ഭഗീരഥപ്രയത്നം നടത്തിയെങ്കിലും ഫലവത്തായില്ല. ഇവയ്ക്കു വേണ്ടി ദീർഘവർഷങ്ങൾ കേസു നടത്തിയെങ്കിലും *മലങ്കര റീത്തു*കാർ വിജയം കണ്ടില്ല. അവസാനം, 1960-കളിൽ സ്കൂളുകളെ സംബന്ധിച്ച കേസ് കോടതിക്ക് പുറത്ത് ഒത്തുതീർന്നപ്പോൾ മലങ്കരസഭ വിട്ടുകൊടുത്ത ഏതാനും സ്കൂളുകൾ മാത്രമാണ് റീത്തുകാർക്ക് ലഭിച്ചത്.

ഇതിലും ദയനീയമാണ് മാർത്തോമ്മാ സഭയിൽ നിന്നും വിട്ടുപോയ ഇവാഞ്ചലിക്കൽ സഭയുടേത്. ആരംഭത്തിൽ സ്വന്തമായ ഒരു വ്യക്തിത്വമോ, സഭാശാസ്ത്രമോ ഇല്ലാതിരുന്ന നവീകരണ സഭയ്ക്ക് താത്വിക-വേദശാസ്ത്ര അടിത്തറ ഉണ്ടാക്കിക്കൊടുത്ത കെ. എൻ. ഡാനിയേലാണ് ഇവാഞ്ചലിക്കൽ സഭയുടെ സ്ഥാപകൻ. *നവീകരണം* ഒരു തുടർപ്രക്രിയയാണെന്നു വിശ്വസിച്ച അദ്ദേഹം മാർത്തോമ്മാസഭ ശൈശവദശയിൽത്തന്നെ നവീകരണം അവസാനിപ്പിച്ച് പ്രസ്ഥാനവൽക്കരിക്കുന്നതുകണ്ട് ഭഗ്നാശനായി. സമാനചിന്താഗതിയുള്ള അനേകായിരങ്ങളെ കൂട്ടിയാണ് 1961-ൽ അദ്ദേഹം ഇവാഞ്ചലിക്കൽ സഭ സ്ഥാപിച്ചത്. തങ്ങളുടെ മാതൃസഭയിൽ നിന്നും ഒന്നും നേടാതെ വെറുംകയ്യോടെയാണ് ഇവാഞ്ചലിക്കൽ സഭക്കാർ ഇറങ്ങിപ്പോയത്. ഒന്നും ലഭിക്കില്ലായെന്ന് മാർത്തോമ്മാ സഭ ഉറപ്പാക്കുകയും ചെയ്തു. സി. എസ്. ഐ. സഭയിൽനിന്നും ആംഗ്ളിക്കൻ സഭ പിരിഞ്ഞപ്പോഴും സംഭവിച്ചതു മറിച്ചല്ല.

1665 മുതലുള്ള ചരിത്രം പരിശോധിച്ചാൽ സാമ്രാജ്യത്തിന്റെ മുഷ്ക്കും, അഴിമതിക്കാരായ ഏതാനും ഭരണാധികാരികളുടെ പിന്തുണയും, പണത്തിന്റെ ശക്തിയും മൂലം മാത്രമാണ് മലങ്കര സഭയുടെ ഏതെങ്കിലും പൂർവ്വാർജിതസ്വത്തുക്കളോ പുരാതന ഇടവകപ്പള്ളികളോ അന്യസഭകളുടെ കൈവശത്തിലെത്തിയതെന്ന് കാണാം. സാമ്രാജ്യത്വം അവസാനിക്കുകയും ശക്തമായ ഒരു നീതിന്യായവ്യവസ്ഥ ഇന്ത്യയിൽ നിലനിൽക്കുകയും ചെയ്യുന്നതിനാൽ അത്തരം വഴിവിട്ട പ്രവൃത്തികൾ ഇനി ഇന്ത്യയിൽ പ്രാവർത്തികമാക്കുക ദുഷ്കരമാണ്.

1889-ലെ നവീകരണ വിഭാഗക്കാരുടെ സ്ഥിതിയിലാണ് ഇന്ന് മലങ്കരസഭയിലെ വിഘടിത വിഭാഗത്തിന്. മാന്യമായ ഒരു ഒത്തുതീർപ്പിനും മാതൃസഭയിലേക്കുള്ള മടങ്ങിവരവിനും 1995-ലെ സുപ്രീംകോടതി വിധി മുതൽ സാധ്യതയുണ്ടായിരുന്നു. സുപ്രീംകോടതിയും ഇപ്രകാരം ഒരു യോജിപ്പ് ആഗ്രഹിച്ചതിന്റെ ഫലമാണ് 2002-ലെ പരുമല അസോസിയേഷൻ.

എന്നാൽ ഈ സാധ്യതകളെല്ലാം തള്ളിക്കളഞ്ഞ് 2002-ൽ പുതിയൊരു ഭരണഘടന രജിസ്റ്റർ ചെയ്ത്, പുത്തൻകുരിശു സൊസൈറ്റി സ്ഥാപിച്ച് തങ്ങൾ സ്വയം സഭയ്ക്ക് ഇതരരാണെന്ന് പ്രഖ്യാപിക്കുകയായിരുന്നു വിഘടിത വിഭാഗം ചെയ്തത്. നിയമാനുസൃത ഭരണാധികാരികളേയും ഭരണഘടനയേയും നിഷേധിച്ച് സ്വയം ഇതരരായവർക്ക് പൂർവ്വാർജിത സ്വത്തുക്കളിൽ നിയമപരമായി അവകാശം ഉന്നയിക്കാനാവില്ല. ചുരുക്കത്തിൽ 2002-നു ശേഷം പുത്തൻകുരിശു സൊസൈറ്റി സ്വയം സ്ഥാപിച്ച സ്ഥാപനങ്ങൾ മാത്രമാകും നിയമപരമായി അവർക്കു കൈവശം വയ്ക്കാനാവുക. 2002-നു മുമ്പുള്ള ഏതെങ്കിലും സ്ഥാപനത്തിന്റെ ഭരണക്രമം ഭേദപ്പെടുത്തി പുത്തൻകുരിശു സൊസൈറ്റിക്ക് കീഴിൽ ആക്കിയാൽ ആ നടപടിക്കും നിയമപരമായ നിലനിൽപ്പില്ല. മലങ്കരസഭയുടെ ഭാഗമല്ലെന്നു സുപ്രീംകോടതി വിധിച്ച പൗരസ്ത്യ സുവിശേഷസമാജം, ക്നാനായ ഭദ്രാസനം, സിംഹാസനപ്പള്ളികൾ ഇവയൊന്നും പുത്തൻകുരിശ് സൊസൈറ്റിയുടെ ഭാഗമാകുന്നില്ല.

അഴിമതിക്കാരും സ്വജനപക്ഷപാതികളുമായ ഏതാനും രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥരുടെയും പിൻബലത്തോടെ ഇവ കൈവശപ്പെടുത്താനും ഇന്നു സാധ്യമല്ല. കാരണം ഇന്ത്യയിലെ ശക്തമായ നീതിന്യായവ്യവസ്ഥ അത്തരം നടപടികളെ വച്ചുപൊറുപ്പിക്കില്ലെന്നു തെളിയിച്ചിട്ടുള്ളതാണ്. ആരുടെയെങ്കിലും മദ്ധ്യസ്ഥതയിൽ കോടതിവിധിയ്ക്കു വിപരീതമായ എന്തെങ്കിലും ഒത്തുതീർപ്പ് വ്യവസ്ഥകൾ അടിച്ചേൽപ്പിച്ചാൽ ആർക്കും അതിനെതിരെ കോടതിയെ സമീപിക്കാവുന്ന അവസ്ഥയാണ് ഇന്നുള്ളത്.

ഇത്തരം ഒരു സാഹചര്യത്തിൽ ഒരു ജനാധിപത്യ സർക്കാർ മാതൃകാപരമായി എന്തു ചെയ്യണമെന്ന് രാജഭരണകാലത്തുതന്നെ തികച്ചും നീതിയുക്തമായ ഒരു തീരുമാനം തിരുവിതാംകൂർ സർക്കാർ എടുത്തിട്ടുണ്ട്. 1852-ലെ കൊല്ലം പഞ്ചായത്തു വിധിപ്രകാരം നിയമാനുസൃത മലങ്കര മെത്രാനായിരുന്ന പാലക്കുന്നത്തു മാർ മാത്യൂസ് അത്താനാസ്യോസിനെ, ആ സ്ഥാനത്തിനു അവകാശവാദം ഉന്നയിച്ചു പരാജയപ്പെട്ട പരദേശി യൂയാക്കീം കൂറിലോസിന്റെ നേതൃത്വത്തിൽ ധിക്കരിച്ചു തുടങ്ങി. തുടർന്ന് പല പള്ളികളിലും സംഘർഷമായി. ഈ സാഹചര്യത്തിൽ അന്നത്തെ തിരുവിതാംകൂർ ദിവാൻ മാധവരായർ കൊല്ലവർഷം 1038 മാശി 3-ന് (1863 ഫെബ്രുവരി 16) 2455-ാം നമ്പറായി താഴെക്കാണുന്ന പോലീസ് ഉത്തരവ് പുറപ്പെടുവിച്ചു.

*...മദവിഷയമായിട്ടുള്ള കാര്യങ്ങളിൽ ഇവിടെ നിന്നും പ്രവേശിപ്പാൻ പാടില്ലന്നു വരികിലും യാതൊരു അക്രമങ്ങൾക്കും എടവരാതെ ശട്ടം കെട്ടെണ്ടതു എത്രെയും ആവിശ്യമാകകൊണ്ട മെത്രാന്റെ അധികാരത്തിൽ ഉൾപ്പെട്ട പള്ളികളിൽ കൂടി നടക്കുന്നതിന്നു മനസ്സില്ലാത്തവർ ഉണ്ടായിരുന്നാൽ അവർ വെറെ പള്ളികൾ മുറപൊലെ ബൊധിപ്പിച്ചു കെട്ടി, യാതൊരുപദ്രവങ്ങളും കൂടാതെ നടക്കയും, മെത്രാന്റെ അധികാരത്തിൽ ഉൾപ്പെട്ട പള്ളികളിൽതന്നെ വല്ലതും അവകാശങ്ങൾ ഉണ്ടന്നു അവരു വിചാരിക്കുന്നപക്ഷം അതിനു മുറപൊലെ അദാലത്തിൽ ബൊധിപ്പിച്ചു തീർച്ച വരുത്തികൊൾകയൊ ചെയ്ക അല്ലാതെ, കിഴുനടന്നുവരുന്നതിന്നു വിരൊധമായി പള്ളികളിലും മറ്റും അവരുചെന്ന പ്രവൃത്തിയ്ക്കുന്നതിന്നു സമ്മതിക്കഎന്നു വച്ചാൽ സമാധാനത്തിന്നു വിരൊധം സംഭവിക്കുന്നതിന്നും, അങ്ങനെ പ്രവൃത്തിയ്ക്കപെടുന്നവരെ നമ്പ്രിൽ ചെർത്തു വിസ്ഥരിച്ചു തക്ക കുറ്റം കൊടുക്കുന്നതിന്നും ഇടവരുന്നതാകകൊണ്ടു, അതിനു സംഗതി വരാതെ മെൽപറഞ്ഞ നമ്മുടെ താല്പര്യപ്രകാരം നടപ്പാൻ തക്കവണ്ണം വിവദിച്ചിട്ടുള്ള പള്ളികളിലെ ഇരുകക്ഷിക്കാരെയും തിരിയപെടുത്തിയും തഹശീൽദാർ മുതലായവർ അറിഞ്ഞു ശരി ആയി നടത്തിക്കുകയും എന്നിട്ടും അനുസരണമില്ലാതെ തീർന്നു പള്ളികളിൽ ചെന്നു കീഴുനടപ്പിന്നു വിരൊധമായി ഏതെങ്കിലും പ്രവൃത്തിച്ചതായി മെത്രാനൊ പള്ളിക്കാരൊ എഴുതിഅയച്ചാൽ ഉടനെ ആവ്ക ആളുകളെ വരുത്തി നമ്പ്രിൽ ചെർത്തു വിസ്ഥരിച്ചു തക്ക കുറ്റം കൊടുത്ത എഴുതി ബൊധിപ്പിച്ചുകൊൾകയും വെണം...*

ശക്തമായ നീതിന്യായവ്യവസ്ഥ നിലവിലുള്ള ഇന്ത്യയിൽ സർക്കാരുകൾക്ക് മലങ്കരസഭാ തർക്കത്തിൽ ഈയൊരു നിലപാടെടുക്കുക മാത്രമാണ് ഇന്നു കരണീയം. വിഘടിത വിഭാഗത്തിന്റെ മുമ്പിൽ ഇന്ന് രണ്ടു മാർഗ്ഗങ്ങളാണുള്ളത്. ഒന്നുകിൽ നിയമവാഴ്ച അംഗീകരിക്കുക, അല്ലെങ്കിൽ വേറെ പള്ളി വെച്ചുമാറി പുത്തൻകുരിശു സൊസൈറ്റിയുടെ കീഴിൽ പുതിയ സഭ രൂപീകരിക്കുക. ആരായാലും - സർക്കാരായാലും, മറ്റു സഭകളായാലും - ഈ ലക്ഷ്യം നേടാനാണ് ശ്രമിക്കേണ്ടത്.

# അന്ത്യകൂദാശ വിവാദം അനാവശ്യം

## കെ. വി. ഏബ്രഹാം കൊടുവത്ത് (അത്മായവേദി പ്രസിഡണ്ട്)

വിശ്വാസികൾ പരിപാവനമായി കരുതുന്ന കൂദാശകളെ തെരുവിലേക്ക് വലിച്ചിഴക്കുന്ന രാഷ്ട്രീയക്കാരും കത്തോലിക്കാ സഭാനേതൃത്വവും ക്രൈസ്തവ സമൂഹത്തെ മുഴുവനും അവഹേളനാപാത്രമാക്കുകയാണ്. മത്തായി ചാക്കോ അന്ത്യകൂദാശ സ്വീകരിച്ചെങ്കിൽ തന്നെ അത് മൈതാന പ്രസംഗത്തിനു വിഷയമാക്കേണ്ട കാര്യമല്ലായിരുന്നു. ഒരു ബിഷപ്പിനെ നികൃഷ്ട ജീവി എന്ന് പരാമർശിച്ച ഉന്നത രാഷ്ട്രീയ നേതാവും തന്റെ സ്ഥാനത്തിനനുയോജ്യമായ പക്വത പ്രദർശിപ്പിച്ചില്ല. തുടർന്ന് കത്തോലിക്കാ സഭയിലെ പുരോഹിത ശ്രേഷ്ഠന്മാർ ഒരു വശത്തും സി. പി. എം. നേതാക്കൾ മറുവശത്തും നിന്നു നടത്തിയ അന്തരീക്ഷ മലിനീകരണം ഇരു കൂട്ടർക്കും ശ്രേഷ്ഠത നൽകിയിട്ടില്ല. രാഷ്ട്രീയ നേതാക്കളോട് കമ്പോടുകമ്പ് മത്സരിച്ച സഭാനേതൃത്വം മറന്നത് അവരിൽ നിന്ന് ജനം പ്രതീക്ഷിക്കുന്ന ഉന്നത മാനദണ്ഡങ്ങളെയാണ്. രാഷ്ട്രീയ ക്കാരന്റെ വിശ്വാസ്യതയോ പ്രതിച്ഛായയോ അല്ല സഭാപിതാക്കന്മാർക്കുള്ളത്. രാഷ്ട്രീയക്കാരൻ ചെളി കാണുന്നിടത്ത് ചവിട്ടുകയും വെള്ളം കാണുന്നിടത്ത് കഴുകുകയും ചെയ്യുമെന്ന് ജനത്തിനറിയാം. സഭാപിതാക്കന്മാർ തങ്ങളുടെ ശുഭ്രവസ്ത്രത്തിൽ ചെളി പുരളാതെ കാക്കേണ്ടവരാണ്.

ഓർത്തഡോക്സ് സഭാനേതൃത്വം ഈ വിവാദത്തിൽ നിന്നും ഒഴിഞ്ഞുനിന്നത് നന്നായി. കത്തോലിക്കാ സഭയുടെ വിഴുപ്പുഭാണ്ഡങ്ങൾക്കിടയിൽ തങ്ങളുടെ തലവച്ചു കൊടുക്കുന്ന സമീപകാലപ്രവർത്തനങ്ങളിൽ നിന്നും സഭാനേതൃത്വം വിട്ടു നിന്നത് വിശ്വാസികൾ ആശ്വാസത്തോടെയാണ് നോക്കിക്കണ്ടത്. ഇനിയും ഈ പ്രശ്നത്തെ മറ്റൊരു വീക്ഷണത്തിലൂടെ അപഗ്രഥിക്കാം.

സഭയും രാഷ്ട്രീയക്കാരും അന്ത്യകൂദാശ വിവാദം സൃഷ്ടിക്കുന്നതും, മലങ്കരസഭാ പ്രശ്നം സുപ്രീംകോടതി ഉത്തരവ് ഉണ്ടായിട്ടും നിയമാനുസരണം പരിഹരിക്കാത്തതും കാലാകാലങ്ങളിലെ ഭരണക്കാരായ രാഷ്ട്രീയക്കാരുടെ സ്വാർത്ഥതയ്ക്കുവേണ്ടി മാത്രമാണ്. മലങ്കരസഭാ പ്രശ്നത്തിൽ യു. ഡി. എഫ് കഴിഞ്ഞകാലം മലക്കം മറിഞ്ഞെങ്കിൽ എൽ. ഡി. എഫ്. സ്വാശ്രയ പ്രശ്നത്തിലും അന്ത്യകൂദാശയിലും മലക്കം മറിയുന്നു. ചുരുക്കത്തിൽ രാഷ്ട്രീയ, മാധ്യമലോബികളും, ചില ആധുനിക സഭാസാരഥികളും ഒന്നുചേർന്ന് യഥാർത്ഥ ക്രൈസ്തവസമൂഹത്തെ വിഭജിക്കാനും തമ്മിലടിപ്പിക്കാനും അവരുടെ വളർച്ചക്കായുള്ള ജൈവസങ്കേതമാക്കുന്നു എന്ന യാഥാർത്ഥ്യം സഭാപിതാക്കന്മാരും ക്രൈസ്തവസമൂഹവും മനസ്സിലാക്കണം. ഈ അവസരം തക്കത്തിലുപയോഗിച്ച് സഭകളിൽ നിന്ന് വിശ്വാസികളെ അടർത്തി എടുത്ത് പുതിയ സഭാ സാരഥികളാകാൻ പലരും ശ്രമം നടത്തുന്നു എന്ന സത്യവും വ്യക്തമാണ്.

മലങ്കരസഭയെ സങ്കീർണമാക്കി തന്റെ പങ്കിൽ ആളെ പിടിക്കാൻ ഡ്യൂപ്ലിക്കേറ്റ് കാതോലിക്കേറ്റുകൾ സ്ഥാപിക്കയും കൂടെ കൂടെ എക്യുമിനിസം പ്രസംഗിക്കയും ചെയ്യുന്നു. തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കാനും, ശത്രുവിനു വേണ്ടി പ്രാർത്ഥിക്കാനും പഠിപ്പിച്ച ക്രിസ്തുവിനെ അക്കാലത്തെ റോമാ ഗവൺമെന്റിന്റെ ഉത്തരവു പ്രകാരവും, ദുഷ്ടന്മാരുടെ ദുഷ്ടത മൂലവും, മുഖത്ത് തുപ്പലും ചാട്ടവാറും, മുൾക്കിരീടവും ഏറ്റ് പരിഹാസങ്ങൾ സഹനത്തോടെ സഹിച്ച് കാൽവറി ക്രൂശിൽ കിടന്ന് കേണു. ഇവർ ചെയ്യുന്നത് എന്ത് എന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ എന്ന്. ആ ക്രിസ്തുദേവന്റെ സ്ഥാനപതികളായ ആചാര്യന്മാരാണ് അന്ത്യകൂദാശ എന്തു കുന്തം എന്നറിയാതെ വിവരക്കേടു എഴുന്നള്ളിച്ചതിനെതിരെ തങ്ങളുടെ അനുയായികളെ തെരുവിലിറക്കിയത്. വാളെടുത്തവനു നേരെ വാളെടുക്കുന്ന നയം ക്രൈസ്തവം അല്ല.

(ശേഷം 5-ാം പേജിൽ)

മുഖലേഖനം

# നീതിമാന്റെ രക്തം നീതിക്കായി നിലവിളിക്കുന്നു

മലങ്കര വർഗ്ഗീസ് ദാരുണമായി കൊല്ലപ്പെട്ട് 5 വർഷം തികയാറായ ഈ വേളയിൽ അന്വേഷണം സി. ബി. ഐ. ക്ക് വിട്ടുകൊടുത്തുകൊണ്ടുള്ള ഉത്തരവ് ഹൈക്കോടതി പുറപ്പെടുവിച്ചതിനെ നീതിബോധമുള്ള ഏവരും സ്വാഗതം ചെയ്യുമെന്നതിൽ രണ്ടു പക്ഷമില്ല. അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി ഈ പ്രശ്നം തേഞ്ഞുമാഞ്ഞു പോകാതിരിക്കാൻ വേണ്ടി നടത്തിയ ശ്രമങ്ങൾ ഫലപ്രാപ്തിയിലേക്ക് നീങ്ങുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. സഭയുടെ ഔദ്യോഗിക മാധ്യമങ്ങൾ പോലും നീതിമാന്റെ രക്തത്തിന്റെ നിലവിളിയെ അവഗണിച്ചിരുന്ന കാലത്തും ഈ പ്രശ്നം ഉയർത്തിപ്പിടിച്ച ഒരേ ഒരു സംഘടന അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയാണ്. മലങ്കര വർഗ്ഗീസിന്റെ മാനേജിംഗ് കമ്മറ്റിയിലെ സഹപ്രവർത്തകർ വർഗ്ഗീസിനെ മറന്നെങ്കിലും സഭാസ്നേഹികളായ വേദി പ്രവർത്തകർ അൽമായ രക്തസാക്ഷിയെ വിസ്മരിക്കാതെയും വിസ്മരിപ്പിക്കാതെയും കഴിഞ്ഞ നാലു വർഷത്തിലേറെയായി ആശയ പ്രചരണരംഗത്തും അല്ലാതെയും പ്രവർത്തിച്ചിരുന്നത് നിഷ്പക്ഷമതികൾക്ക് അറിവുള്ള കാര്യമാണ്.

പ്രബലന്മാരുടെ മൂടിവക്കൽ ശ്രമങ്ങളെ തകർത്തുകൊണ്ട് ഒന്നേകാൽ വ്യാഴവട്ടത്തിനു ശേഷം സിസ്റ്റർ അഭയക്കേസിനും ചില വ്യക്തതകൾ കൈവരുന്നതിന്റെ സൂചനകൾ ഇതേ ദിവസം വന്നുവെന്നതും ഒരു ദൈവനിയോഗമായിരിക്കാം. രണ്ടു കേസുകളും തമ്മിലുള്ള സമാനതകൾ അവിടെ അവസാനിക്കുന്നില്ല. രണ്ടു കേസുകളിലും സംശയത്തിന്റെ ചൂണ്ടുപലകകൾ ചില പൗരോഹിത്യസ്ഥാനികളുടെ നേരെ നീളുന്നുവെന്നതും പൗരോഹിത്യ - രാഷ്ട്രീയ അച്ചുതണ്ടുകൾ അന്വേഷണത്തിന് തടസ്സങ്ങൾ സൃഷ്ടിച്ചിരുന്നു എന്നതും സമാനതകളിൽ ചിലതു മാത്രം. ഇന്ത്യയൊട്ടാകെ കോടിക്കണക്കിന് ഭക്തന്മാരുള്ള കാഞ്ചി ശങ്കരാചാര്യരെപ്പോലും നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുവാൻ തമിഴ്നാട്ടിലെ ഭരണകൂടങ്ങൾ - ജയലളിതയും കരുണാനിധിയും സംസ്ഥാനത്തിന്റെ വികസനത്തിലെന്നതുപോലെ ഇക്കാര്യത്തിലും ഏകാഭിപ്രായക്കാരാണ് - പ്രദർശിപ്പിച്ച നീതിബോധത്തിന്റെ മറുപുറമാണ് ഇവിടെ കാണുന്നത്. പൗരോഹിത്യസ്ഥാനികൾ നിയമലംഘകരാകുമ്പോൾ കേരളത്തിലെ ഭരണകൂടങ്ങൾ - ഇടതായാലും വലതായാലും - നേർക്കുനേരെ നിന്ന് നീതി നടപ്പാക്കുന്നതിൽ വിമുഖത കാട്ടുന്നു.

അഭയകേസിലും, മലങ്കര വർഗ്ഗീസ് കേസിലും കുറ്റവാളികളെ നീതിപീഠത്തിനു മുന്നിൽ കൊണ്ടുവരുവാൻ സ്വന്തം സഭകൾ യാതൊരു ശ്രമവും നടത്തിയിട്ടില്ല എന്നുള്ള മറ്റൊരു സമാനതയും ഇവിടെ വിസ്മരിക്കാവുന്നതല്ല. സിസ്റ്റർ അഭയക്കേസ് മൂടി വക്കുവാൻ സ്വന്തം സഭ പരിശ്രമിച്ചപ്പോൾ മലങ്കര വർഗ്ഗീസ് ജീവൻ ബലി നൽകിയ സഭ നിസ്സംഗതയും നിഷ്ക്രിയത്വവും വഴി കൊലയാളികളെ സഹായിക്കയായിരുന്നു. മലങ്കരസഭയ്ക്കു വേണ്ടി രക്തം ചൊരിഞ്ഞിട്ടുള്ള അൽമായ രക്തസാക്ഷികളെ അഗണ്യകോടിയിലേക്ക് തള്ളുക എന്ന ചരിത്രം ഇവിടെയും ആവർത്തിച്ചിരിക്കുന്നു.

ഹൈക്കോടതി വിധി പ്രസ്താവിച്ചു എന്നത് ഒരു പടി മാത്രമേയാകുന്നുള്ളൂ. നീതിമാന്റെ രക്തത്തിന്റെ നിലവിളിക്ക് പരിഹാരമുണ്ടാകണമെങ്കിൽ അനേകം കടമ്പകൾ ഇനിയും കടക്കേണ്ടതുണ്ട്. വർഷങ്ങൾ പലതു കഴിഞ്ഞ കേസിലെ സുപ്രധാനമായ തെളിവുകൾ തമസ്കരിക്കപ്പെടാതെ അന്വേഷണ ഉദ്യോഗസ്ഥന്മാരുടെ പക്കൽ എത്തിക്കുക എന്നത് പ്രധാനമാണ്. വിവിധ സ്വാധീനങ്ങളിൽ പെട്ട് ഉദ്യോഗസ്ഥന്മാർ അന്വേഷണത്തെ എങ്ങുമെങ്ങും എത്തിക്കാതിരിക്കയോ കുറ്റവാളികളെ സംരക്ഷിക്കുകയോ ചെയ്യേണ്ട സാഹചര്യം ഉണ്ടാകാതെ നോക്കേണ്ടതും അത്യന്തം അവശ്യമാണ്.

സിസ്റ്റർ അഭയ കേസിൽ ഒരു പൊതു പ്രവർത്തകന്റെ തുടർച്ചയായ പ്രയത്നം മൂലമാണ് അത്യുന്നതകേന്ദ്രങ്ങളിലെ സ്വാധീനം മൂലം തേഞ്ഞ്മാഞ്ഞു പോകുമായിരുന്ന കേസിന് ഇപ്പോൾ തലയും വാലുമൊക്കെ മുളച്ചിരിക്കുന്നത്. മലങ്കരസഭയിലെ കുറച്ചുപേരെങ്കിലും നിതാന്ത ജാഗ്രതയോടെ പ്രവർത്തിച്ചാൽ മലങ്കര വർഗീസ് കേസ് അതിന്റെ യുക്തമായ പരിസമാപ്തിയിലെത്തുവാൻ സാധിക്കും. അതിനുള്ള ഇച്ഛാശക്തിയുണ്ടോ എന്നതാണ് പ്രശ്നം. കാര്യങ്ങൾ നടന്നു കഴിയുമ്പോൾ എട്ടുകാലി മമ്മൂഞ്ഞിനെപ്പോലെ "അത് ഞമ്മളാണ്" എന്നവകാശവാദം മുഴക്കികൊണ്ട് പ്രശസ്തി നേടുവാൻ ശ്രമിക്കുന്നവർക്ക് ഈ സഭയിൽ യാതൊരു പഞ്ഞവുമില്ല. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യേണ്ട സമയത്ത് ചെയ്യുവാനാണ് ആളില്ലാത്തത്. ഗോഗുൽഥായുടെ താഴ്വരയിലൂടെ *ഇത് ഞങ്ങൾക്ക് ഏതുമില്ല* എന്ന നിസ്സംഗതയോടെ നടന്ന യഹൂദ സമൂഹത്തെപ്പോലെ നിസ്സംഗരായ വിശ്വാസികൾക്കാണ് ഇന്നും സഭയിൽ ഭൂരിപക്ഷം. താൻപ്രമാണിത്തം ഉറപ്പിക്കുക എന്നതല്ലാതെ മറ്റൊരജൻഡയുമില്ലാത്ത ചില നേതൃമാന്യന്മാരും ഇതോടൊപ്പം ചേരുമ്പോൾ ഒരു ദൂഷിത വൃത്തം പൂർത്തിയാകുന്നു. സഭാ സ്നേഹികൾ സംഘടിതമായി മുന്നോട്ടു വരികയാണ് ഒരേ ഒരു പരിഹാരമാർഗ്ഗം. അതിലേക്ക് ഒരു രാസത്വരകമായി വർത്തിക്കുവാൻ അൽമായവേദി സദാ സന്നദ്ധമാണ്.

# അനുരഞ്ജനമാണ് ക്രൈസ്തവം വിഭജനം വ്യാജമാതാവിന്റെ തന്ത്രം

### ഫീലിപ്പോസ് പൊട്ടയ്ക്കാവയലിൽ

മലങ്കരസഭാ പ്രശ്നത്തിന് മദ്ധ്യസ്ഥ സമിതികളെ വച്ചതായി ഒരു പത്രത്തിൽ വായിച്ചു. സഭയിലെ ഇരുപക്ഷവും പരമോന്നത കോടതിയിലെ പ്രഗത്ഭരായ ജഡ്ജിമാരെ മദ്ധ്യസ്ഥരാക്കി. തങ്ങളുടെ വാദമുഖങ്ങൾ പ്രഗത്ഭരായ വക്കീലന്മാർക്ക് കോടികൾ കൊടുത്ത് കേൾപ്പിച്ചു. ജഡ്ജിമാർ 1995-ൽ തീർപ്പു കല്പിച്ചു. 1934-ലെ സഭാഭരണഘടനപ്രകാരം "ഇരുപക്ഷവും ഒന്നാവണം." ഒന്നിച്ച് ഇരുപക്ഷവും സർവ്വാത്മനാ ഉത്തരവിനെ സ്വാഗതം ചെയ്തു (അക്കാലത്തെ പത്രങ്ങൾ പരിശോധിക്കുക). വിഘടിത വിഭാഗം സുന്നഹദോസ് പ്രസിഡണ്ട് അക്കാലത്ത് കോട്ടയം ഡയോസിഷൻ ബുള്ളറ്റിനിൽ എഴുതിയതും വായിക്കുക. അദ്ദേഹവും തോമസ്സ് ദീവന്നാസിയോസ്സും കീഴ്ക്കോടതികളിൽ 1934-ലെ ഭരണഘടന അംഗീകരിക്കുന്നതായി എഴുതിയും കൊടുത്തു. തുടർന്ന് പാത്രിയർക്കീസ് പക്ഷത്തിന്റെ അപേക്ഷപ്രകാരം ജസ്റ്റിസ് മളിമഠിനെ മലങ്കര അസ്സോസിയേഷനിലേയ്ക്ക് നിരീക്ഷകനും, മദ്ധ്യസ്ഥനുമായി സുപ്രീംകോടതി അയച്ചു. പക്ഷേ, നിരീക്ഷകനെ വേണമെന്ന് ആവശ്യപ്പെട്ട 1934-ലെ ഭരണഘടന അംഗീകരിക്കുന്നു എന്ന് സത്യവാങ്മൂലം നല്കിയവർ ഏകപക്ഷീയമായി സുപ്രീംകോടതി ഉത്തരവ് ലംഘിച്ച് അസ്സോസിയേഷനിൽ നിന്ന് വിട്ടുനിന്നു. ജസ്റ്റീസ് മളിമഠിന്റെ നിരീക്ഷണത്തിൽ നടന്ന പരുമല അസ്സോസിയേഷൻ തീരുമാനം സുപ്രീംകോടതി അംഗീകരിച്ചു. സഭാപ്രശ്നം തീർന്നു.

സഭാ പ്രശ്നം ഗവൺമെന്റിന്റെ ഉത്തരവാദിത്വത്തിൽ തീർപ്പാക്കാൻ അന്നത്തെ മുഖ്യമന്ത്രിയും ഗവൺമെന്റും തയ്യാറായില്ല. തന്നെയുമല്ല താൻ കേസ്സിൽ കക്ഷിയല്ല എന്ന് പറഞ്ഞ് ഒഴിഞ്ഞ് അന്നത്തെ മുഖ്യൻ പ്രശ്നം നിലനിർത്തി. ഇതിലും സങ്കീർണ്ണമായിരുന്നു ശിവഗിരി പ്രശ്നം. കോടതി ഉത്തരവിലൂടെ നിഷ്പ്രയാസം അത് തീർത്ത മുഖ്യമന്ത്രി മലങ്കര സഭാ പ്രശ്നം നിലനിർത്തി. തുടർന്നു വന്ന മുഖ്യനിൽ ആശ വച്ച വിശ്വാസികളും വഞ്ചിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു, എനിക്ക് കക്ഷിയും ഇല്ല പക്ഷവും ഇല്ല. നിയമം നിയമത്തിന്റെ വഴിക്ക്. കെട്ടടങ്ങിയ സഭാ പ്രശ്നം ആളിക്കത്തിക്കുവാൻ സക്കാ പാത്രിയർക്കീസിനെ സംസ്ഥാന അതിഥിയാക്കി വരുത്തി പ്രശ്നം രൂക്ഷമാക്കി. കോടതി ഉത്തരവ് ഉത്തരത്തിൽ വച്ചു. പങ്കുവയ്പിനുള്ള പങ്ക എടുത്ത് പ്രശ്നം നിലനിർത്തി. 2007-ലും സുപ്രീംകോടതി ഉത്തരവ് ഉണ്ടായി. ഇരുപക്ഷവും പതിവുപോലെ വിധിയെ സ്വാഗതം ചെയ്തു. പക്ഷേ ഈ ഗവൺമെന്റും പക്ഷംപിടിച്ച് പ്രശ്നം നിലനിർത്തുന്നു. രാജ്യത്തെ പരമോന്നത മദ്ധ്യസ്ഥതാ തീരുമാനം നടപ്പാക്കാതെ പ്രാദേശിക നേതാക്കളും, സാംസ്ക്കാരിക നായകരും കേരള ഗവൺമെന്റും സഭയെ വീതിക്കാൻ സമിതികൾ രൂപീകരിക്കുന്നത് വിശ്വാസികളെ തെരുവിലിറക്കി തമ്മിത്തല്ലിക്കാനാണ്. ഇതു മൂലം മദ്ധ്യസ്ഥർക്ക് നേട്ടമുണ്ടാകാം. പക്ഷേ, രാജ്യത്തെ നിയമത്തെ ലംഘിക്കുന്ന പ്രവണത ജനാധിപത്യ രാജ്യത്തിനു യോജിച്ചതല്ല.

ചില ക്രൈസ്തവ വിഭാഗങ്ങളും, രാഷ്ട്രീയക്കാരും, മാധ്യമങ്ങളും മലങ്കരസഭയെ വിഭജിക്കാൻ സമിതി ഉണ്ടാക്കുന്നത് ആരെയൊക്കെയോ പ്രീണിപ്പിക്കാനും സ്വാർത്ഥതയ്ക്കും മാത്രമാണ്. ഓർത്തഡോക്സ്-യാക്കോബായ വിശ്വാസ സംഹിതകൾ ഒന്നായിരിക്കേ വിഭജനമല്ല അനുരഞ്ജനമാണ് അഭികാമ്യം. വിശ്വാസപ്രകാരം വാങ്ങിപ്പോയവരും, ജീവനോടിരിക്കുന്നവരും ഉൾപ്പെടുന്ന സമൂഹമാണ് വിശുദ്ധ സഭ. ഇങ്ങനെയുള്ള സഭയേ മന്ത്രി ശർമ്മയും, കുരുവിളയും, ജസ്റ്റിസ് കൃഷ്ണയ്യരും കൂടി എങ്ങനെ പങ്കു വയ്ക്കും? ജനാധിപത്യ നിയമാനുസരണം കീഴ്ക്കോടതി മുതൽ സുപ്രീംകോടതി വരെ സമൂഹത്തിന്റെ ന്യായാസനങ്ങൾ ആണ്. അല്ലെങ്കിൽ മദ്ധ്യസ്ഥരാണ്. ഇവരുടെ ഉത്തരവുകളെ അംഗീകരിച്ച്, ആദരിച്ച് കീഴ്പ്പെടുക ഓരോ പൗരന്റെയും ധർമ്മമാണ്. ഈ ഉത്തരവ് നടപ്പാക്കുക എന്നത് ജനാധിപത്യ ഗവൺമെന്റുകളുടെ കടമയും.

രാഷ്ട്രീയ, വ്യവസായ, മാധ്യമ താല്പര്യവും, താൻപ്രാമാണിത്വവും നിലനിർത്താൻ വിഭജനവാദവുമായി വരുന്നവരുടെ ലക്ഷ്യം ഒരപ്പത്തിന്റെ അംശികളായ വിശ്വാസികളെ തെരുവിലിറക്കി തമ്മിലടിപ്പിച്ച് നേട്ടം ഉണ്ടാക്കുക എന്ന ലക്ഷ്യമാണ്. പുര കത്തുമ്പോൾ വാഴ വെട്ടുന്ന നയം. സമാധാനത്തിന്റെ പേരിൽ വിഭജനം എന്ന അപ്പക്കഷണം കാട്ടി നിയമാനുസരണം സഭയ്ക്ക് അവകാശപ്പെട്ടതും കോടതികൾ അംഗീകരിച്ച് ഉറപ്പിച്ചതുമായ പള്ളികൾ നിയമനിഷേധികൾക്ക് പങ്കുവയ്ക്കണമോ?

1995, 2002, 2004, 2007 എന്നീ വർഷങ്ങളിലെ സുപ്രീംകോടതി ഉത്തരവ് പ്രകാരം 1934-ലെ സഭാ ഭരണഘടനയ്ക്ക് വിധേയപ്പെട്ടവരുടേതാണ് സഭ. അതംഗീകരിക്കാതെ കാലാകാലങ്ങളിൽ സഭ വിട്ടവർക്ക് സഭയേ ഭാഗിക്കാനാകുന്നതല്ല. രണ്ടായി പിരിയാം എന്നു പറയുന്നതിലും ഭേദം 2002-ലെ സഭയിലേയ്ക്ക് പോകാനാഗ്രഹിക്കുന്ന ആധുനിക മുടിയൻ പുത്രന്മാർ സഭാപിതാവും മാർത്തോമ്മായുടെ പിൻഗാമിയുമായ പ. കാതോലിക്കാ ബാവായോട് തങ്ങളുടെ ഓഹരി നേരിട്ട് ചോദിച്ചു വാങ്ങണം. വീതം നേരിട്ടു ചോദിക്കാതെ സ്വാർത്ഥന്മാരായ ഇടനിലക്കാരായ സുഹൃത്തുക്കളെ ഉപയോഗിച്ച് പ. സഭയേയും, പ. പിതാവിനേയും ക്രൈസ്തവ ദർശനത്തേയും അപകീർത്തിപ്പെടുത്തുന്നത് ഭൂഷണമല്ല.

സഭ വക പള്ളികളും സ്ഥാപനങ്ങളും കൈവശം വച്ച് അനധികൃതമായി അനുവദിക്കുന്ന വിഘടിത വിഭാഗത്തിന്റെ പല്ലവി, ഇതു ഞങ്ങളുടെ പൂർവ്വികർ സ്ഥാപിച്ചവയാണ് എന്നാണ്. എന്നാൽ 1958-ൽ സർവ്വ പൂർവ്വികരും യാക്കോബ് മൂന്നാമൻ പാത്രിയർക്കീസു വരെ 1934-ലെ സഭ ഭരണഘടനയ്ക്ക് കീഴ്പ്പെട്ട് ഒന്നായി. ആ പൂർവ്വികരാരും എന്തിന് കാലം ചെയ്ത പെരുമ്പള്ളി മെത്രാൻ പോലും 2002-ലെ സഭയും ഭരണഘടനയും സ്വപ്നം കാണുകയോ സങ്കല്പിക്കുകയോ ചെയ്തിട്ടില്ല. തന്നെയുമല്ല മൺമറഞ്ഞ ഈ പൂർവ്വികർ ഏതു പക്ഷത്തെന്ന് വിഭജനവാദികൾക്കോ സമിതികൾക്കോ തിട്ടപ്പെടുത്താനാവുമോ?

### അൽമായവേദിയെ എങ്ങനെ സഹായിയ്ക്കാം?

**1. അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി എന്ന പ്രസ്ഥാനത്തെയും അതിന്റെ മുഖപത്രമായ 'അൽമായവേദിയേയും' ഓൺലൈൻ ഡിസ്ക്കഷൻ ഗ്രൂപ്പായ മലങ്കര ഓർത്തഡോക്സ് നവോത്ഥാന പ്രസ്ഥാനത്തെയും പ്രാർത്ഥനയിൽ സ്മരിയ്ക്കുക. 2. അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയിൽ അംഗങ്ങളാകുകയും സജീവമായി പ്രവർത്തിയ്ക്കുകയും ചെയ്യുക. 3. അൽമായക്കാർ സ്വയം സംഘടിച്ച് സംഘടനയുടെ യൂണിറ്റുകൾ രൂപീകരിയ്ക്കുക.**

**4. സംഘടനയുടെ മുഖപത്രമായ അൽമായവേദി മാസിക പ്രചരിപ്പിയ്ക്കുക. 5. ഓരോ മാസത്തേയും അൽമായവേദി മാസിക സ്പോൺസർ ചെയ്യുക. 6. പരസ്യം, ഉപകാര സ്മരണ, ചരമ വാർഷികം, വിവാഹ വാർഷികം എന്നിവ പ്രസിദ്ധപ്പെടുത്തി മാസികയെ സഹായിയ്ക്കുക. 7. സംഭാവനകൾ നൽകി സംഘടനയെയും മാസികയെയും ശക്തിപ്പെടുത്തുക. 8. സഭയുടെ പുരോഗമനത്തിനുതകുന്ന നിർദ്ദേശങ്ങളും ലേഖനങ്ങളും അയച്ചുതന്ന് സഹകരിയ്ക്കുക.**


**നസ്രാണി പഠനങ്ങൾ ഭാഗം 1**

എം. കുര്യൻ തോമസ്

അവതാരിക: ഫാ. ഡോ. ജേക്കബ് കുര്യൻ

വില: 50 രൂപ മാത്രം
കോപ്പികൾക്ക് എം. ഒ./ഡ്രാഫ്റ്റ് അയക്കുക. വിലാസം: AKHILA MALANKARA ORTHODOX ALMAYAVEDHI, POST BOX NO. 652, KOTTAYAM - 686 001


# സഭയിലെസ്ഥാനികൾ ഭരണഘടനയ്ക്കും കീഴ്വഴക്കങ്ങൾക്കും വിധേയരായി പ്രവർത്തിക്കണം: ഇ. ജെ. ജോസഫ്

സഭയിലെ പ്രധാന സ്ഥാനികൾ പലരും ഭരണഘടനയെയും കീഴ്വഴക്കങ്ങളെയും ശരിയായി മനസ്സിലാക്കാതെയാണ് സമീപകാലത്ത് പ്രവർത്തിക്കുന്നതെന്ന് ഓർത്തഡോക്സ് സഭയുടെ എക്കാലത്തെയും പ്രഗത്ഭനായ അൽമായ നേതാക്കളിലൊരാളായ ഇ. ജെ. ജോസഫ് എറികാട്ട് പ്രസ്താവിച്ചു. മലങ്കര അസോസ്യേഷനും അതിന്റെ കമ്മറ്റികളും സ്ഥാനികളുമൊക്കെ ഭരണഘടനപ്രകാരം തങ്ങൾക്കുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടവരാണെന്നും സഭയുടെ മുഴുവൻ പ്രാതിനിത്യം അവകാശപ്പെടുവാൻ അവർക്ക് സാദ്ധ്യമല്ലെന്നും മുൻ അസ്സോസിയേഷൻ സെക്രട്ടറിയായിരുന്ന ജോസഫ് പ്രസ്താവിച്ചു. അൽമായവേദി ജനറൽ സെക്രട്ടറിയുമായി നടത്തിയ ഒരു സംഭാഷണത്തിലാണ് അദ്ദേഹം തന്റെ ചിന്തകൾ പങ്കുവച്ചത്.

സഭാസെക്രട്ടറി എന്ന പദപ്രയോഗം തന്നെ ഭരണഘടനാ വിരുദ്ധമാണെന്നും സമുദായ സെക്രട്ടറി എന്ന് വേണമെങ്കിൽ പരാമർശിക്കാമെന്നും കീഴ്വഴക്കങ്ങളുദ്ധരിച്ചു കൊണ്ട് അദ്ദേഹം സമർത്ഥിച്ചു. വർക്കിംഗ് കമ്മറ്റിക്കും ആലോചനാ സമിതിക്കും വ്യക്തമായ റോളുകളുണ്ടന്നും അവയെ വേർതിരിച്ചു മനസ്സിലാക്കാതെയാണ് പലപ്പോഴും സ്ഥാനികൾ പ്രവർത്തിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. മാനേജിംഗ് കമ്മറ്റിയും എപ്പിസ്ക്കോപ്പൽ സുന്നഹദോസും യോജിപ്പിലായിരിക്കുന്ന കാര്യങ്ങൾ മാത്രമേ സഭയിൽ നടപ്പാക്കുവാനാവുകയുള്ളു എന്നും ഏകപക്ഷീയ തീരുമാനങ്ങൾക്ക് യാതൊരു വിലയുമില്ലെന്നും അദ്ദേഹം തുടർന്ന് പ്രസ്താവിച്ചു. വൈദിക-അൽമായ ട്രസ്റ്റിമാരോ അസ്സോസിയേഷൻ സെക്രട്ടറിയോ സാമൂഹ്യ-രാഷ്ട്രീയ പ്രശ്നങ്ങളിൽ പരസ്യപ്രസ്താവന നടത്തുന്നത് മലങ്കര മെത്രാപ്പോലീത്തായുടെ ആജ്ഞാനുസരണം മാത്രമെ പാടുള്ളൂ. സാമൂഹ്യ-രാഷ്ട്രീയ പ്രശ്നങ്ങളിൽ സഭയുടെ നിലപാട് വ്യക്തമാക്കുവാൻ സഭാതലവനായ മലങ്കര മെത്രാപ്പോലീത്താ മാത്രമാണ് അധികാരി.

# പ്രോട്ടോക്കോൾ ലംഘനം തുടരുന്നു: കൂട്ടുട്രസ്റ്റിമാർക്ക് അമർഷം

കോട്ടയം: സഭയുടെ പത്രക്കുറിപ്പുകളിൽ കീഴ്‌വഴക്കങ്ങൾ ലംഘിച്ച് കൂട്ടുട്രസ്റ്റിമാരുടെ പേരിനു മുമ്പ് സെക്രട്ടറിയുടെ പേര് വയ്ക്കുന്ന നൂതന പ്രവണത നിർബാധം തുടരുന്നു.

സമ്മേളനങ്ങളിലും മറ്റ് വേദികളിലും വൈദികട്രസ്റ്റി, അൽമായട്രസ്റ്റി, സെക്രട്ടറി എന്ന സ്ഥാനക്രമമാണ് ഇപ്പോഴും പുലർത്തുന്നത്. വ്യത്യാസം വരുത്തിയത് പത്രപ്രസ്താവനകളിൽ മാത്രമാണ്. സഭാകേന്ദ്രത്തിൽ നിന്നുള്ള നിർദേശപ്രകാരമാണ് പത്രക്കുറിപ്പുകളിൽ സ്ഥാനക്രമം മാറ്റിയതെന്നാണ് പത്രമാധ്യമങ്ങളിൽ നിന്നറിയുന്നത്.

എന്നാൽ ഇത്തരം ഒരു സ്ഥാനമാറ്റത്തിനു യാതൊരു നിർദേശവും നൽകിയിട്ടില്ലെന്ന് പ. പിതാവിന്റെ ഓഫീസ് അറിയിച്ചു. പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും, പി. ആർ. ഒ. ഫാ. മോഹൻ ജോസഫും ഈ മാറ്റത്തെക്കുറിച്ച് അറിഞ്ഞിട്ടില്ല.

പത്രക്കുറിപ്പുകളിൽ തങ്ങളെ താഴ്ത്തിക്കെട്ടുന്നതിൽ അമർഷമുണ്ടെങ്കിലും, ഇത്തരം നിസാരകാര്യങ്ങളിൽ പരസ്യവിവാദത്തിനു മുതിർന്ന് സ്വയം അപഹാസ്യരാകാൻ തങ്ങളില്ലെന്ന നിലപാടിലാണത്രെ കൂട്ടുട്രസ്റ്റിമാർ.

# മുറിവുണക്കാൻ തീവ്രശ്രമം

കോട്ടയം: കഴിഞ്ഞ മാനേജിംഗ് കമ്മറ്റി തിരഞ്ഞെടുപ്പു മുതൽ ചുവന്ന കുപ്പായ മോഹികളുടെയും ചില സ്ഥാനികളുടെയും കുതന്ത്രങ്ങൾ മൂലം സഭാകേന്ദ്രത്തിൽ നിന്നും സജീവ സഭാ പ്രവർത്തനത്തിൽ നിന്നും അകന്നുപോയ വൈദിക-അൽമായ നേതൃത്വത്തെ മടക്കിക്കൊണ്ടുവരാൻ തീവ്രശ്രമം ആരംഭിച്ചു. അത്യുന്നത സഭാകേന്ദ്രം തന്നെ നേരിട്ടാണ് ഈ ശ്രമങ്ങൾക്ക് മുൻകൈ എടുക്കുന്നത്.

കഴിഞ്ഞ മാനേജിംഗ് കമ്മറ്റി തിരഞ്ഞെടുപ്പിലും തുടർന്നു നടന്ന സെക്രട്ടറി തിരഞ്ഞെടുപ്പിലും, വർക്കിംഗ് കമ്മറ്റി പുനഃസംഘടനയിലും സ്ഥാനമോഹികൾ കളിച്ച കളിയിലൂടെയാണ് പ്രമുഖരായ വൈദിക അൽമായ നേതൃത്വത്തെ അകറ്റിയത്. വിഭജനവാദികളും ഈ കോക്കസിനെ പിന്തുണച്ചു. പ. പിതാവ് ഇടയ്ക്ക് രോഗാവസ്ഥയിലായ അവസരം ശരിക്കും മുതലെടുത്തവർ കാര്യപ്രാപ്തിയില്ലായ്മയിലൂടെ സഭാകേന്ദ്രത്തെ ഏതാണ്ട് നിശ്ചലമാക്കി.

എന്നാൽ പ. പിതാവ് പൂർണ ആരോഗ്യവാനായി തിരിച്ചെത്തിയതോടെ സ്ഥിതിഗതികൾക്ക് മാറ്റം വന്നു. പുതിയ നേതൃത്വത്തിന്റെ പാപ്പരത്വവും കഴിവില്ലായ്മയും സഭാനേതൃത്വത്തിനു ബോദ്ധ്യമായി. സ്വന്തം സ്ഥാനം ഉറപ്പിക്കാനും സ്വന്തക്കാരെ തിരുകികയറ്റാനും രഹസ്യ അജണ്ടകൾ നടപ്പാക്കാനുമാണ് മൂന്നാംകിട നിലവാരത്തിലുള്ള കോക്കസുകൾ ശ്രമിക്കുന്നതെന്ന് സഭാകേന്ദ്രത്തിനു ബോദ്ധ്യമായതിന്റെ പശ്ചാത്തലത്തിലാണ് മുറിവുണക്കൽ പ്രക്രിയ ആരംഭിച്ചത്.

കഴിവുറ്റവരും നിസ്വാർത്ഥരുമായ വൈദിക - അൽമായ നേതാക്കളുടെ മടങ്ങിവരവിന് തടസമായി നിൽക്കുന്നവരെ വേണമെങ്കിൽ ഒഴിവാക്കാനും മടിക്കില്ലെന്ന സൂചനയും സഭാകേന്ദ്രം നൽകുന്നുണ്ട്.

# അണയാതെ നിർത്തിയത് അൽമായവേദി

കൊച്ചി: മലങ്കര വർഗീസ് വധക്കേസ് തേഞ്ഞുമാഞ്ഞു പോകുന്നതിൽ നിന്നും തടഞ്ഞതിൽ അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ പങ്ക് സുപ്രധാനമാണെന്ന് വടക്കൻ ഭദ്രാസനാംഗങ്ങൾ. മലങ്കര വർഗീസ് വധക്കേസ് സി. ബി. ഐ. യ്ക്കു വിട്ട കേരള ഹൈക്കോടതി വിധിക്കു ശേഷം അൽമായവേദി നേതൃത്വവുമായി ബന്ധപ്പെട്ട വടക്കൻ ഭദ്രാസനാംഗങ്ങളാണ് അവരുടെ നന്ദി അറിയിച്ചത്.

അൽമായവേദി പ്രസിദ്ധീകരണങ്ങളിലൂടെ നടത്തിയ ആശയപ്രചരണവും അൽമായവേദി എല്ലാ വർഷവും നടത്തുന്ന മലങ്കര വർഗീസ് അനുസ്മരണവും സഭാകേന്ദ്രത്തിൽ നടത്തിയ നിരന്തര സമ്മർദ്ദവും ഇല്ലായിരുന്നെങ്കിൽ മലങ്കരസഭയിലെ വിഭജനവാദികൾ മുമ്പു തന്നെ മലങ്കര വർഗീസ് കേസ് തേച്ചുമായിച്ചു കളയുമായിരുന്നെന്നും അവർ അഭിപ്രായപ്പെട്ടു.

# അന്ത്യകൂദാശ വിവാദം...

(മൂന്നാം പേജിൽ നിന്നും)

അനധികൃതമായി പിൻവാതിലിലൂടെ സ്ഥാനങ്ങൾ ഏറ്റ ചില ശ്രേഷ്ഠന്മാർ (പിൻവാതിലിലൂടെ കടക്കുന്നവൻ കള്ളനും കവർച്ചക്കാരനുമാണ്) സഭയെ പങ്കുവയ്ക്കണം, പള്ളികൾ കയ്യേറണം എന്ന ഉദ്ദേശ്യത്തോടെ കൊലപാതക പ്രേരണ നല്കിയും, രക്തപ്പുഴ ഒഴുക്കും എന്ന ഭീണണി മുഴക്കിയും, രാഷ്ട്രീയക്കാരെ പോലും നാണം കെടുത്തുന്ന തെരുവുസമരങ്ങൾ നടത്താൻ നേതൃത്വം നൽകുന്നതും ക്രിസ്തുവിന്റെ പേരിൽ. വീരപ്പൻ ശൈലിയിൽ ഞാൻ നാന്നൂറിലധികം ക്രിമിനൽ കേസ്സിലെ പ്രതിയാണെന്ന് സ്വയം വിശേഷിപ്പിച്ച് അഭിമാനം കൊള്ളുന്ന ക്രൈസ്തവ മേലദ്ധ്യക്ഷന്മാരും ഇവിടെ ഉണ്ട്.

യു. ഡി. എഫ് കാലത്ത് തിരുബലിയിലൂടെ അപ്പവീഞ്ഞുകളെ കർത്താവിന്റെ തിരുശരീരരക്തമാക്കിയ വൈദികനെ തിരുരക്തങ്ങൾ സഹിതം അംശവസ്ത്രധാരിയായി പോലീസ്സ് പെരുവഴിയിലൂടെ വലിച്ചിഴച്ചിട്ട് ഇവിടെ ഒരിടയന്മാരും പ്രതികരിച്ചില്ല. സമരാദ്ധ്യനും വന്ദ്യവയോധിക ശ്രേഷ്ഠ പിതാവുമായ മലങ്കര മെത്രാപ്പോലീത്തായും, കാതോലിക്കായുമായ പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ ഇറച്ചിയ്ക്ക് വിലയിട്ട് പോസ്റ്റർ ഒട്ടിച്ച കാപാലികരുടെ നടപടിയെ അപലപിക്കാൻ ഒരു അജപാലകനേയും കണ്ടില്ല. ആ പരിശുദ്ധ പിതാവിനെ രാത്രിയുടെ യാമത്തിൽ പെരുവഴിയിൽ തടഞ്ഞ് അപായപ്പെടുത്താൻ ശ്രമിച്ചിട്ടും - ക്രൈസ്തവസഭകളോ - രാഷ്ട്രീയകേരളമോ - അപലപിച്ചില്ല. ഇതിനെതിരെ പ്രതികരിക്കാൻ ഈ ലേഖകനടക്കം പ. പിതാവിന്റെ സന്നിധിയിൽ എത്തിയപ്പോൾ കല്പിച്ചത്, 'കാര്യങ്ങൾ പുനഃചിന്തനം വേണം. നിങ്ങൾ ശാന്തരാകണം. പ്രതികാരം യഹോവയ്ക്കുള്ളതാണ്. ശാന്തരായി പോകണം' എന്നാണ്. അതാണ് ക്രൈസ്തവം.

ആളിക്കത്തിയ നിലയ്ക്കൽ പ്രശ്നത്തിന് ശമനം ഉണ്ടാക്കാൻ ഹൈന്ദവാചാര്യ സന്നിധിയിൽ എത്തി ക്രൈസ്തവ സ്നേഹവും, സഹനതയുടെയും ശക്തി വെളിപ്പെടുത്തി. മലപോലെ വന്ന നിലയ്ക്കൽ പ്രശ്നം എലിപോലെ ഒതുക്കിയ ക്രൈസ്തവ ദർശന ശക്തി ഇന്നത്തെ ക്രൈസ്തവ നേതാക്കൾ മറന്നോ?

അന്ത്യകാലത്ത് ആ പ. പിതാവിന് അനുകൂലമായി പരമോന്നത കോടതിയുത്തരവ് നടപ്പാക്കി തരണമെന്ന് ആവശ്യപ്പെട്ടപ്പോൾ അന്നത്തെ ഭരണകർത്താവ് പറഞ്ഞു, ഞാൻ കേസ്സിലെ കക്ഷിയല്ല. എന്നാൽ അദ്ദേഹത്തിന്റെ സഭയേക്കാൾ പ്രബലമായ സമുദായത്തിന്റെ ശിവഗിരി മഠം പ്രശ്നം കോടതി ഉത്തരവുപ്രകാരം അദ്ദേഹം നടത്തി. തുടർന്നു വന്ന സ്വന്തം സഭാംഗമായ ഭരണാധികാരിയോട് തന്റെ ആവശ്യം ഉന്നയിച്ചു. അദ്ദേഹം പറഞ്ഞു എനിക്ക് കക്ഷിയില്ല, പക്ഷവും ഇല്ല. നിയമം നിയമത്തിന്റെ വഴി. എന്തിന് സഭാപ്രശ്നം കൊഴുപ്പിച്ച് വോട്ടു ബാങ്ക് നിലനിർത്താൻ സ്വകാര്യ സന്ദർശനത്തിനു വന്ന പാത്രിയർക്കീസിനെ സ്റ്റേറ്റ് ഗസ്റ്റാക്കി മലങ്കര പ്പള്ളികളിൽ കയറ്റി വാർത്താപ്രാധാന്യം നല്കി എരിതീയിൽ എണ്ണ പകർന്നു. ഇതര സഭാവിഭാഗങ്ങളിൽ നിന്നും, ശത്രുക്കളിൽ നിന്നും രാഷ്ട്രീയ പ്രമുഖരിൽ നിന്നുമുള്ള അവഗണനയും നിന്ദയും സഹിച്ച് ആ പിതാവ് കാലയവനികയിൽ മറഞ്ഞു.

രാഷ്ട്രീയക്കാർ ഏതു പാർട്ടിയുമാകട്ടെ, ഏതു മതസ്ഥനുമാകട്ടെ. നിരീശ്വരനുമാകട്ടെ. ഇന്ത്യൻ ഭരണഘടന തൊട്ട് സത്യപ്രതിജ്ഞ ചെയ്തവർ നീതിന്യായ വ്യവസ്ഥകൾ അംഗീകരിച്ച് നിയമം നടത്തുന്നവരാകണം. സഭാസ്ഥാനികൾ - ക്രൈസ്തവ ദർശനവും, സഹനശക്തിയും, നിന്ദയും, ക്രൂശും ഏല്ക്കാനും കാടിയും കയ്പും കുടിക്കാനും തയ്യാറുള്ളവരായിരിക്കണം. ❑

# അസോസിയേഷൻ ഓഫീസിലെ അനാവശ്യ ചെലവുകൾ: പണം നൽകുന്നത് പ. പിതാവ് തടഞ്ഞു

കോട്ടയം: മുൻകൂർ അനുമതിയില്ലാതെയും അനാവശ്യമായും ദേവലോകത്ത് സഭാ ഓഫീസിൽ നടത്തിയ ലക്ഷക്കണക്കിനു രൂപയുടെ മോടിപിടിപ്പിക്കലിന്റെ ബില്ല് പാസാക്കാൻ പ. പിതാവ് വിസമ്മതിച്ചു.

അസോസിയേഷൻ സെക്രട്ടറിയുടെ ഓഫീസ് മോടി പിടിപ്പിക്കാൻ മാത്രമാണ് ഈ തുക ചിലവാക്കിയത്. പുതിയ ഫർണിച്ചറും, എയർകണ്ടീഷണറുമടക്കമുള്ള ആർഭാടങ്ങളാണ് അനുമതി കൂടാതെ വാങ്ങിക്കൂട്ടിയത്. ഇവയുടെ ബില്ലുകളാണ് പ. പിതാവ് തടഞ്ഞുവച്ചത്.

പുതിയ ഓഫീസ് സമുച്ചയത്തിന്റെ പണി ഏതാണ്ട് പൂർത്തിയായ അവസരത്തിൽ പഴയ കെട്ടിടത്തിൽ നടത്തുന്ന മോടിപിടിപ്പിക്കൽ അനാവശ്യവും പാഴ്ചിലവുമാണെന്ന് പലരും ചൂണ്ടിക്കാട്ടിയിരുന്നു കൂടാതെ പ്രഗൽഭരായ മുൻ സെക്രട്ടറിമാർ ഉപയോഗിച്ചിരുന്ന ഓഫീസ്മുറി ന്യായമായ സൗകര്യങ്ങൾ ഉള്ളതാണെന്നും അത് മോടിപിടിപ്പിക്കേണ്ട ആവശ്യമില്ലെന്നും പരിണിതപ്രജ്ഞരായ പലരും ഉപദേശിച്ചിട്ടും പുതിയ സെക്രട്ടറി വഴങ്ങാതെ ഏകപക്ഷീയമായി ആർഭാടപണികളുമായി മുമ്പോട്ടു പോവുകയായിരുന്നു. ഇതിനുള്ള അനുമതി പ. പിതാവിൽ നിന്നോ, മാനേജിംഗ് കമ്മറ്റിയിൽ നിന്നോ വാങ്ങിയിരുന്നില്ല.

പ. പിതാവിനെക്കൊണ്ട് ബില്ല് പാസാക്കിക്കാൻ സെക്രട്ടറിയെ പിന്തുണയ്ക്കുന്ന കുപ്പായ കോക്കസ് രംഗത്തിറങ്ങിയതായി റിപ്പോർട്ടുണ്ട്.

# ദേവലോകം അരമനയുടെ അറ്റകുറ്റപ്പണി തടഞ്ഞു: പ. പിതാവിനെതിരെ സ്ഥാനികൾ

കോട്ടയം: ദേവലോകം അരമനയിൽ പ. കാതോലിക്കാ ബാവായുടെ മുറികളിൽ നടന്നുവന്ന അറ്റകുറ്റപ്പണികൾ നിർത്തിവയ്ക്കാൻ വർക്കിംഗ് കമ്മറ്റിയിൽ നിർദ്ദേശമുയർന്നു. അസോസിയേഷൻ സെക്രട്ടറിയാണ് ഈ നിർദ്ദേശം ഉന്നയിച്ചതും ശക്തമായി വാദിച്ചതും.

2006-ൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പ. മാത്യൂസ് പ്രഥമൻ, പ. മാത്യൂസ് ദ്വിതീയൻ എന്നിവർ താമസിച്ചിരുന്ന സ്യൂട്ടിലേയ്ക്ക് പ. പിതാവ് മാറിതാമസിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ആ മുറിയ്ക്ക് ചോർച്ചയടക്കമുള്ള പ്രശ്നങ്ങൾ ഉണ്ടെന്നു ചൂണ്ടിക്കാട്ടിയപ്പോൾ അവ എത്രയും വേഗം പരിഹരിക്കാനും പ. സുന്നഹദോസ് തീരുമാനിച്ചിരുന്നു.

ഈ നിർദ്ദേശത്തെ അന്നത്തെ വർക്കിംഗ് കമ്മറ്റി സർവാത്മനാ സ്വാഗതം ചെയ്യുകയും പണിക്ക് പ്ലാനും എസ്റ്റിമേറ്റും തയാറാക്കാനും സാങ്കേതിക വിദഗ്ദരുമായി ചർച്ച ചെയ്യാനും അന്നത്തെ വർക്കിംഗ് കമ്മറ്റിയംഗമായ എം. ജി. ജോർജ് മുത്തൂറ്റിനെയടക്കം ചിലരെ ചുമതലപ്പെടുത്തുകയും ചെയ്തു. അതനുസരിച്ച് പണിയുടെ ഒരു ഭാഗം പൂർത്തിയാക്കി. പണിയുടെ സൗകര്യാർത്ഥം പ. പിതാവ് പഴയ അരമനക്കെട്ടിടത്തിലേയ്ക്ക് താല്ക്കാലികമായി താമസം മാറ്റുകയും ചെയ്തിരുന്നു.

രണ്ടാംഘട്ട പണികൾ ഈയാഴ്ച ആരംഭിക്കാനിരിക്കെയാണ് സെക്രട്ടറി പണികൾ നിർത്തിവയ്ക്കാൻ കമ്മറ്റിയിൽ നിർദ്ദേശം വച്ചത്. എന്നാൽ പൗരസ്ത്യ കാതോലിക്കായുടെ കൈവശത്തിലും പ. സുന്നഹദോസിന്റെ നിയന്ത്രണത്തിലും ഇരിക്കുന്ന ദേവലോകം അരമനയുടെ അറ്റകുറ്റപ്പണിയിൽ കൈകടത്താൻ വർക്കിംഗ് കമ്മറ്റിയ്ക്ക് അധികാരമില്ലെന്ന് വർക്കിംഗ് കമ്മറ്റിയിലെ സുന്നഹദോസ് പ്രതിനിധിയായ ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ തുറന്നടിച്ചു. മറ്റംഗങ്ങളിൽ ഭൂരിപക്ഷവും അദ്ദേഹത്തോടു യോജിച്ചു.

എന്നാൽ മുമ്പ് വർക്കിംഗ് കമ്മറ്റിയംഗമെന്ന നിലയിൽ ഈ പണികൾക്ക് നേതൃത്വം നൽകിയ അൽമായട്രസ്റ്റി മലക്കംമറിഞ്ഞ് സെക്രട്ടറിയെ പിന്തുണച്ചുകൊണ്ട് പണികൾ നിർത്തിവെയ്ക്കാൻ ആവശ്യപ്പെട്ടു. അദ്ധ്യക്ഷത വഹിച്ച ശ്രേഷ്ഠ നിയുക്ത കതോലിക്കാ നിശബ്ദത പാലിച്ചതു പലരെയും അദ്ഭുതപ്പെടുത്തി.

തന്റെ ഓഫീസ് മോടിപിടിപ്പിച്ചതിന്റെ ബില്ല് പാസാക്കാത്തതിന്റെ പ്രതികാരമായാണ് സെക്രട്ടറി പ. പിതാവിനെ പെരുവഴിയിലിറക്കാൻ ശ്രമിച്ചതെന്ന് വർക്കിംഗ് കമ്മറ്റിയംഗങ്ങൾ അടക്കം പറയുന്നുണ്ടായിരുന്നു.

എന്നാൽ പണികളുമായി മുമ്പോട്ടുപോകുമെന്നും അടുത്ത മാനേജിംഗ് കമ്മറ്റിയിലും സുന്നഹദോസിലും വിഷയം അവതരിപ്പിക്കുമെന്നും അറിയുന്നു.

### നേതൃത്വത്തിൽ ക്രിമിനൽ പശ്ചാത്തലമുള്ളവരുമെന്ന്

# പ്രാർത്ഥനാ ഗ്രൂപ്പുകളെക്കുറിച്ച് അന്വേഷണം

പ്രാർത്ഥനാ ഗ്രൂപ്പുകളുടെ പേരിൽ സംസ്ഥാനത്തു കൂണുപോലെ മുളച്ചു പൊന്തുന്ന ആത്മീയസംഘടനകളേയും നേതാക്കളേയും കുറിച്ച് ഇന്റലിജൻസ് അന്വേഷണം ആരംഭിച്ചു.

സാമ്പത്തികവും സാമൂഹികവും മാനസികവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾ വ്യാപകമായി ചൂഷണം ചെയ്യപ്പെടുന്നതും ആത്മീയ പ്രവർത്തനങ്ങളുടെ മറവിൽ കോടികളുടെ വിദേശഫണ്ട് രാജ്യത്തിലേക്ക് ഒഴുകുന്നതും ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണിത്.

കേരളത്തിൽ വിവിധപേരുകളിൽ മുന്നൂറോളം ക്രിസ്ത്യൻ പ്രാർത്ഥനാ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലാണ് ഇതിൽ വലിയൊരു ശതമാനവുമുള്ളത്. കൊച്ചി പോലുള്ള മെട്രോ നഗരങ്ങളിൽ വൻതുക ചെലവഴിച്ചു വമ്പൻ പരസ്യപ്രചാരണങ്ങളാണ് ഇത്തരം സംഘടനകൾ നടത്തുന്നത്.

മുന്തിയ ഫ്ളെക്സ് ബോർഡുകളിലും ചാനൽ പരസ്യങ്ങളിലും മുഖം കാണിച്ചു രംഗത്തിറങ്ങിയിരിക്കുന്ന ആത്മീയ നേതാക്കളെക്കുറിച്ചും അന്വേഷിക്കുന്നുണ്ട്. മത പരിവേഷമുള്ളതിനാൽ ഇവരെ തൊട്ടാൽ കൈപൊള്ളുന്ന സ്ഥിതിയാണത്രേ.

കൃത്യമായ ആസൂത്രണത്തോടെയുള്ള പ്രവർത്തനങ്ങളാണ് ആത്മീയ സംഘടനകളുടേതെന്ന് ഐ. ബി. വൃത്തങ്ങൾ പറഞ്ഞു. മാരകരോഗങ്ങൾ, മാനസിക - ശാരീരിക വൈകല്യങ്ങൾ, ക്രിമിനൽ പശ്ചാത്തലം, സാമ്പത്തിക പ്രശ്നങ്ങൾ, മദ്യപാനം, പുകവലി തുടങ്ങി ഏതെങ്കിലും അംഗങ്ങളുടെ ദുരവസ്ഥമൂലം മാനസികമായി തകർന്നിരിക്കുന്ന കുടുംബങ്ങളെ കൈയിലെടുക്കുകയാണ് ഇത്തരം ആത്മീയ പ്രവർത്തകരുടെ രീതി.

കുടുംബത്തിനുവേണ്ടി നിത്യവും പ്രാർത്ഥന നടത്താമെന്നു വിശ്വസിപ്പിച്ച് ചില സംഘടനകൾ 100 രൂപ മുതൽ അംഗത്വഫീസും വാങ്ങുന്നുണ്ട്. ലക്ഷക്കണക്കിനാളുകളിൽ നിന്നായി ഇത്തരത്തിൽ കോടിക്കണക്കിനു രൂപ പിരിക്കുന്നുമുണ്ട്.

ജീവകാരുണ്യ - സഭാ പ്രവർത്തനങ്ങളുടെ മറവിൽ വിദേശഫണ്ടും കൈപ്പറ്റുന്നു. പ്രാർത്ഥനയുടെ മറവിൽ സമ്പാദിക്കുന്ന കോടികൾ ഉപയോഗിച്ച് പല ആത്മീയ നേതാക്കളും നടത്തുന്നത് വൻലാഭമുണ്ടാക്കുന്ന ബിസിനസുകളാണെന്നും ഐ. ബി. കണ്ടെത്തി.

പ്രാർത്ഥനാ ഗ്രൂപ്പുകളുടെ മറപറ്റി ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ രംഗപ്രവേശനമാണ് അന്വേഷണ ഏജൻസികൾക്ക് കൂടുതൽ തലവേദനയായിരിക്കുന്നത്.

മതപരിവർത്തനത്തിന്റെ പേരിൽ തീവ്ര ഹൈന്ദവ സംഘടനകൾ സൃഷ്ടിക്കുന്ന സംഘർഷത്തിനു പുറമേ നിയമവിരുദ്ധ പ്രവർത്തനങ്ങളും സാമ്പത്തിക കുറ്റകൃത്യങ്ങളും കൂടിയായതോടെയാണ് പ്രാർത്ഥനാ സംഘങ്ങളെ നിരീക്ഷിക്കാൻ ആഭ്യന്തരവകുപ്പു തലത്തിൽ തീരുമാനമായത്.

(മംഗളം, 17-10-2007)

# അച്ചനും കൊച്ചനും

**മാത്തുക്കുട്ടിച്ചായൻ**

കൊച്ചൻ: അച്ചോ, നമ്മുടെ കമാണ്ടർ, ഷെവലിയർ ബാറിത്തോമേത്ത കുരുവിള മന്ത്രിസഭയിൽ നിന്നും രാജിവച്ചല്ലോ.

അച്ചൻ: ബാവാ ശർമ്മസാറിനേയും, പ്രതിപക്ഷനേതാവിനെയും ഒക്കെ സ്വാധീനിച്ചു. പക്ഷേ നടന്നില്ല.

കൊച്ചൻ: ഒരു ചാനലുകാർ പരിശുദ്ധ ഷവലിയർ തിരുമേനി എന്നൊക്കെ വിളിച്ച് കളിയാക്കി സഭാപ്രശ്നത്തിന് താടിയും മുടിയും നീട്ടിയപോലെ രാഷ്ട്രീയത്തിലും നീട്ടുമോ എന്നൊക്കെ പറഞ്ഞു.

അച്ചൻ: പിള്ളേരു കച്ചവടമാണെന്നാണല്ലോ നമ്മുടെ മന്ത്രി പറഞ്ഞത്.

കൊച്ചൻ: ഹാ.. ഹാ.. അതു ശരിയാ. നമ്മുടെ പിതാവ് തോമസ്സ് പ്രഥമൻ ബാവായ്ക്കു വേണ്ടി പള്ളി പിടിക്കുന്നതും മക്കളായ നമ്മളല്ലേ. നമ്മളല്ലേ കേസ്സുകളിൽ കുടുങ്ങുന്നതും.

അച്ചൻ: അതു നീ പറയുന്നത് ശരിയല്ല. നമ്മുടെ ബാവാ ഏതാണ്ട് നാനൂറ് കേസ്സിൽ പ്രതിയാണ്. ഏതു സഭയിലെ പിതാക്കന്മാരുണ്ട് ഇത്രയും കേസ്സിൽ കുടുങ്ങിയവർ.

കൊച്ചൻ: ശരിയാ. കർത്താവിനെ പോലും പ്രതിയാക്കി ശിക്ഷിച്ചു. പീലാത്തോസിന്റെ വിധി നടപ്പാക്കി. കുറ്റമില്ലാത്ത രക്തമായതിനാൽ കർത്താവ് ഉയിർത്തെഴുന്നേറ്റു തന്റെ തിരുസഭ സ്ഥാപിച്ചു. ഇന്ത്യയിലേക്ക് തോമ്മാ ശ്ലീഹായെ അയച്ച് നമ്മുടെ അപ്പച്ചന്മാരെ നസ്രാണികളാക്കി അല്ലേ അച്ചാ.

അച്ചൻ: അതു ചരിത്രസത്യം. പക്ഷേ നമ്മുടെ നിലനില്പിന് അതു പാടില്ല. 1665 നു ശേഷം പാത്രിക്കീസാണ് സഭ സ്ഥാപിച്ചത് എന്നു പറയണം. അതുപോലെ കർത്താവ് ശിക്ഷിക്കപ്പെട്ടു കോടതിയെ അനുസരിച്ച് ക്രൂശ് ഏറ്റു. അത് ആനമയത്തരമാണെന്നാ നമ്മുടെ ബാവാ പറയുക.

കൊച്ചൻ: ശരിയല്ലേ. കോടതി പറയുന്നു 34-ലെ ഭരണഘടനയാണ് സഭയുടേതെന്ന്. 2002-ലെ സഭയുടെ ഭരണഘടന പള്ളിയ്ക്ക് ബാധകമല്ല. കോടതി ഉത്തരവനുസരിച്ചാൽ കോതമംഗലവും മണർകാടും എല്ലാം പോകില്ലേ. കർത്താവ് ഉയിർത്തെഴുന്നേറ്റു എന്ന് കണ്ട് ബാവായ്ക്കും അതുപോലാകാൻ പറ്റുമോ.

അച്ചൻ: നമ്മൾ ഒതുക്കിയ വർഗ്ഗീസിന്റെ കേസ്സ് സി. ബി. ഐ. അന്വേഷിക്കാൻ ഹൈക്കോടതി ഉത്തരവായല്ലോ. നീ അറിഞ്ഞില്ലേ.

കൊച്ചൻ: ആ ജഡ്ജിയുടെ വീട്ടുപടിക്കൽ ഉപവാസപ്രാർത്ഥന നടത്തണം. അല്ലെങ്കിൽ ആലുവയിൽ കാണിച്ചപോലെ ജഡ്ജിയുടെ കാറു കത്തിക്കണം.

അച്ചൻ: ശരിയാ. കാറു കത്തിച്ചിട്ട് യു. ഡി. എഫ്. കാർ പോലീസിനെ കുറ്റം പറഞ്ഞ് നമ്മളെ രക്ഷിച്ചു. അതാണ് നമ്മുടെ ബാവായുടെ പ്രാർത്ഥനാശക്തി.

കൊച്ചൻ: സി. ബി. ഐ. അന്വേഷിച്ച അഭയ കേസ്സിൽ അച്ചന്മാരുടെ പേരു വന്നപ്പോൾ സഭ എതിർത്തു. അതുപോലെ നമ്മുടെ അച്ചന്മാരേയോ, മെത്രാനേയോ, ബാവയേയോ, സി. ബി. ഐ. ചോദ്യം ചെയ്താൽ നമുക്ക് കൈകാര്യം ചെയ്യാവുന്നതേയുള്ളു.

അച്ചൻ: ശരിയാ. കോടതി 30 വർഷം കയറ്റാതിരുന്ന തൃക്കുന്നത്ത് ശർമ്മ സാറും, കുരുവിളാൻചേട്ടനും, എറണാകുളം കളക്ടറും, സെമിനാരിയിലെ പുതിയ മാനേജരും കൂടി ബാവായെ കയറ്റിയില്ലേ. അത്രയും പ്രശ്നമില്ല ഈ വിധി മൂലം.

കൊച്ചൻ: അച്ചോ, ഈ പള്ളിയും വസ്തുക്കളും കൈയേറുന്നവർക്കെല്ലാം മെത്രാൻ പട്ടവും ബാവാപട്ടവും ഷവലിയറും, കമാണ്ടറും, ബാറിത്തോയും പാത്രിക്കീസു ബാവാ നല്കും അല്ലേ അച്ചാ.

അച്ചൻ: മദ്ധ്യപൂർവ്വദേശത്ത് സഭയെ ഉപദ്രവിക്കുന്ന ഉഗ്രപ്രസ്ഥാനങ്ങളുണ്ട്. അവിടെ പിടിച്ചുനില്ക്കണമെങ്കിൽ യേശുക്രിസ്തുവിന്റെ കൈസർക്കുള്ളത് കൈസർക്ക് എന്ന തത്വം നടക്കില്ല. ഇത്തിരി തീവ്രവാദം വേണം. അതുപോലെ ഇവിടെ വീതം കിട്ടണമെങ്കിൽ ചില്ലറ പ്രശ്നം ഉണ്ടാക്കണം. വചനം പറയാം. പ്രവർത്തിച്ചാൽ പിന്നെ ഇവിടം സ്വർഗ്ഗരാജ്യമാവില്ലേ.

## അസോസിയേഷൻ സെക്രട്ടറിയുടെ നടപടികളിൽ പ. സുന്നഹദോസിന് കടുത്ത അതൃപ്തി

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: പുതിയ അസോസിയേഷൻ സെക്രട്ടറിയുടെ നടപടികളിൽ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കടുത്ത അതൃപ്തി രേഖപ്പെടുത്തിയതായി അറിയുന്നു.

സ്ഥാനമേറ്റതു മുതൽ അപക്വമായ നടപടികളിലൂടെ എതിർപ്പു ക്ഷണിച്ചു വരുത്തിയിരുന്ന സെക്രട്ടറിയെ സുന്നഹദോസിന്റെ അതൃപ്തി അറിയിക്കുവാനും സെക്രട്ടറിയുടെ ഭരണഘടനാപരമായ സ്ഥാനം മനസ്സിലാക്കിക്കൊടുക്കുവാനും പ. പിതാവിനെയും ശ്രേഷ്ഠ നിയുക്ത ബാവായെയും പ. സുന്നഹദോസ് ചുമതലപ്പെടുത്തി.

പ. പിതാവിന്റെയോ വർക്കിംഗ് കമ്മറ്റിയുടെയോ, പരിശുദ്ധ സുന്നഹദോസിന്റെയോ അനുമതി കൂടാതെ വിദ്യാഭ്യാസ പ്രക്ഷോഭണവിഷയത്തിൽ സഭയുടെ നയം ഔദ്യോഗികം എന്ന രീതിയിൽ അവതരിപ്പിച്ചതാണ് ഇത്രയും കടുത്ത നടപടികളിലേയ്ക്ക് നീങ്ങാൻ സുന്നഹദോസിനെ നിർബന്ധിതമാക്കിയത്.

## റിബൽ സ്ഥാനാർത്ഥികളെ ഔദ്യോഗികമാക്കരുത്: അൽമായവേദി

കോട്ടയം: മെത്രാൻ തിരഞ്ഞെടുപ്പുകളിൽ മുമ്പ് ഔദ്യോഗിക പാനലിനെതിരെ മൽസരിച്ചവരെ ഇത്തവണ ഔദ്യോഗിക പാനലിൽ ഉൾപ്പെടുത്തരുതെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി സെക്രട്ടറിയേറ്റ് ആവർത്തിച്ച് ആവശ്യപ്പെട്ടു.

സ്ഥാനമോഹം മൂലമാണ് അടുത്ത അവസരത്തിനായി കാത്തിരിക്കാതെ സ്വതന്ത്ര സ്ഥാനാർത്ഥികളായി ഇവർ മത്സരിച്ചത്. ലക്ഷക്കണക്കിന് രൂപ ചിലവാക്കി പ്രചരണം നടത്തിയവർ വരെ ഈ കൂട്ടത്തിലുണ്ട്. അവരിൽ ചിലരുടെ സഹായത്തോടെ ചില സ്ഥാനങ്ങളിൽ കയറിപ്പറ്റിയവർ ഇവരെ ഔദ്യോഗിക ലിസ്റ്റിൽ തിരുകികയറ്റാൻ ശ്രമിക്കുന്നുണ്ടെന്നും അൽമായവേദി മുന്നറിയിപ്പു നൽകി.

റിബൽ സ്ഥാനാർത്ഥികളെ പിന്നീട് ഔദ്യോഗികമാക്കുന്നത് കാനോൻ വിരുദ്ധമാണെന്നും അത് ഗുരുതരമായ അച്ചടക്ക ലംഘനത്തിനു വഴി വയ്ക്കുമെന്നും അൽമായവേദി ചൂണ്ടിക്കാട്ടി.

**കത്തുകൾ... കത്തുകൾ....**

# നാണക്കേടായി

**ജിജോ തുമ്പമൺ**

അൽമായവേദി സത്യത്തിൽ ഓർത്തഡോക്സ് സഭയുടെ ജിഹ്വയാണ്. ആ പ്രസ്ഥാനത്തിന്റെ പ്രസിഡണ്ടും, പുതുപ്പള്ളി പള്ളിയിലെ മാനേജിംഗ് കമ്മറ്റി അംഗവും, പുതുപ്പള്ളി സീനിയർ സിറ്റിസൺ മെംബറും, പള്ളം നേത്രദാനസമിതി വൈസ് പ്രസിഡണ്ടും, കൊടുവത്ത് കുടുംബയോഗം പ്രസിഡണ്ടുമായ ശ്രീ. കെ. വി. ഏബ്രഹാം സാറിനെ അദ്ദേഹത്തിന്റെ കൊച്ചുമകന്റെ പ്രായമുള്ള അസോസേഷൻ സെക്രട്ടറി അപമാനിച്ചു എന്നു കേട്ടതിൽ ദുഃഖിക്കുന്നു. പക്വമതികളും വിവരമുള്ളവരും അലങ്കരിച്ച പദവികളിൽ ഇത്തരം വിവരം കെട്ടവരെ തെരഞ്ഞെടുത്ത മെത്രാന്മാരും, മാനേജിംഗ് കമ്മറ്റി അംഗങ്ങളും സഭയെ സ്നേഹിക്കുന്നുണ്ടോ.

# മാനേജിംഗ് കമ്മറ്റി പ്രക്ഷുബ്ധമായി

**അൽമായവേദി ന്യൂസ് സർവ്വീസ്**

കോട്ടയം: ഓഗസ്റ്റ് എട്ടിനു നടന്ന മാനേജിംഗ് കമ്മറ്റി യോഗം പ്രക്ഷുബ്ധമായ രംഗങ്ങൾ സൃഷ്ടിച്ചു. നടപടിച്ചട്ടങ്ങൾ ലംഘിച്ചും ഉപചോദ്യങ്ങൾ അനുവദിക്കാതെയും കൃത്യമായ ഉത്തരം നൽകാതെയും ചോദ്യോത്തരവേള നടത്തിയതിനാണ് അംഗങ്ങൾ പ്രകോപിതരായത്.

ഒന്നര മണിക്കൂറിലധികം സമയമെടുത്തിട്ടും മുൻകൂട്ടി നൽകിയിരുന്ന ചോദ്യങ്ങളിൽ ഒൻപതെണ്ണത്തിനു മാത്രമാണ് മറുപടി നൽകിയത്. ദീർഘസമയത്തെ പ്രസംഗത്തോടെയാണ് സെക്രട്ടറി ഓരോ ചോദ്യത്തിനും ഉത്തരം നൽകിയതെങ്കിലും മറുപടികൾ വ്യക്തമല്ലായിരുന്നുവെന്ന് മാനേജിംഗ് കമ്മിറ്റിയംഗങ്ങൾ പരാതിപ്പെട്ടു.

ഉച്ചയ്ക്ക് 12.10-ന് ബജറ്റ് അവതരണം റിപ്പോർട്ട് ചെയ്യാൻ മുൻ പതിവില്ലാത്തവിധം മാധ്യമ പ്രവർത്തകർ എത്തിയതിനാൽ ചോദ്യോത്തരം അവസാനിപ്പിച്ച് സെക്രട്ടറി വിവാദ ബജറ്റ് അവതരണത്തിലേക്ക് കടന്നു. സഭയുടെ സുപ്രധാന സംഭവങ്ങൾ പോലും മാധ്യമ ദൃഷ്ടിയിൽ പെടാതിരിക്കെ സെക്രട്ടറിയുടെ ബജറ്റവതരണം ഒപ്പിയെടുക്കാൻ ഇത്രയധികം മാധ്യമ പ്രവർത്തകർ എങ്ങനെയെത്തിയെന്ന് ചില അംഗങ്ങൾ ചോദിക്കുന്നുണ്ടായിരുന്നു.

ഈ ബജറ്റവതരണവേളയിലാണ് നിയമാനുസൃത സമിതികളുടെ തീരുമാനമില്ലാതെ സെക്രട്ടറി ഏകപക്ഷീയമായി സഭയുടെ നയപ്രഖ്യാപനം നടത്തിയത്. ഭരണഘടനപ്രകാരം സഭയുടെ മുഖ്യകാര്യ നിർവാഹകൻ മലങ്കര മെത്രാപ്പോലീത്താ ആയിരിക്കെ *എന്റെ ഭരണത്തിൻ കീഴിലുള്ള* എന്ന് ചില സ്ഥാപനങ്ങളെപ്പറ്റി സെക്രട്ടറി പരാമർശിച്ചതും ചില മെത്രാന്മാരെയും അംഗങ്ങളെയും ചൊടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയെന്നോണമാണ് പിറ്റേദിവസം സുന്നഹദോസിൽ സെക്രട്ടറിയെയും ട്രസ്റ്റിമാരെയും അവരവരുടെ ചുമതലകൾ എന്താണെന്ന് പറഞ്ഞു മനസ്സിലാക്കുവാൻ പ. പിതാവിനെയും ശ്രേഷ്ഠ നിയുക്തബാവായെയും ചുമതലപ്പെടുത്തിയത്.

നടപടികൾ പൂർത്തിയാക്കാനാവാതെ വന്നതിനാൽ മാനേജിംഗ് കമ്മിറ്റിയുടെ തുടർയോഗം ഓഗസ്റ്റ് 16-ന് കൂട്ടുവാൻ തീരുമാനിച്ചാണ് പിരിഞ്ഞത്.

നേരത്തെ ഓഗസ്റ്റ് എട്ടിലെ പൊതു പണിമുടക്കുമൂലം അംഗങ്ങളുടെ യാത്ര തടസ്സപ്പെടും എന്നതിനാൽ യോഗം ഒരു ദിവസമെങ്കിലും മാറ്റിവയ്ക്കണമെന്ന് പല വർക്കിംഗ് കമ്മറ്റി അംഗങ്ങളും ആവശ്യപ്പെട്ടെങ്കിലും സെക്രട്ടറി 8-നു തന്നെ യോഗം നടത്തണമെന്നതിൽ ഉറച്ചുനിന്നു. സബ് കമ്മറ്റികളിലേയ്ക്കുള്ള നോമിനേഷനും, മാധ്യമശ്രദ്ധ കുറയുമെന്ന ഭയവുമാണ് അംഗങ്ങൾ എത്തിയില്ലെങ്കിലും യോഗം നടത്തണമെന്ന് വാശി പിടിക്കാൻ ചിലരെ പ്രേരിപ്പിച്ചതെന്നു പറയപ്പെടുന്നു.

കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയിൽ മെത്രാന്മാരുടെ റിട്ടയർമെന്റിനും ട്രാൻസ്ഫറിനും വേണ്ടി ഘോരഘോരം വാദിച്ച സെക്രട്ടറി അതേപ്പറ്റിയുള്ള ഒരു ചോദ്യം അനുവദിക്കാതിരുന്നതും ചില അംഗങ്ങളെ ചൊടിപ്പിച്ചിട്ടുണ്ട്.

## വിദ്യാർത്ഥിപ്രസ്ഥാനം: ശ്രേഷ്ഠ നിയുക്ത കാതോലിക്കാ സ്ഥാനമൊഴിയണം

കോട്ടയം: പ്രോട്ടോക്കോൾ വിവാദം ശ്രേഷ്ഠ നിയുക്ത കാതോലിക്കായെയും പിടികൂടി. അദ്ദേഹത്തിന്റെ വിദ്യാർത്ഥി പ്രസ്ഥാനം വൈസ് പ്രസിഡന്റ് സ്ഥാനമാണ് ചോദ്യചിഹ്നമായിരിക്കുന്നത്.

നിയുക്ത കാതോലിക്കായായി തിരഞ്ഞെടുക്കപ്പെട്ടതോടെ സഭയിൽ രണ്ടാം സ്ഥാനമാണ് മാർ മിലിത്തിയോസിനു ലഭിച്ചത്. അദ്ദേഹം കേവലം ഒരു മെത്രാപ്പോലീത്താ പ്രസിഡന്റായ സംഘടനയിൽ വൈസ് പ്രസിഡന്റായി തുടരുന്നത് അനൗചിത്യമാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ശ്രേഷ്ഠ നിയുക്ത കാതോലിക്കാ എന്ന നിലയിൽ അദ്ദേഹം ഉപ രക്ഷാധികാരിയാണെന്നും അതിനാൽ വൈസ് പ്രസിഡന്റു സ്ഥാനം ഒഴിവാക്കണമെന്നും ആവശ്യമുയർന്നിട്ടുണ്ട്.

## ജോലിത്തിരക്ക്: ശ്രേഷ്ഠ നിയുക്ത കാതോലിക്കാ നട്ടംതിരിയുന്നു

കോട്ടയം: കുമിഞ്ഞുകൂടുന്ന ജോലിത്തിരക്കുമൂലം ശ്രേഷ്ഠ നിയുക്ത കാതോലിക്കാ നട്ടംതിരിയുന്നു. ദേവലോകത്ത് താമസിച്ച് തന്നെ സഹായിക്കണമെന്ന് പ. പിതാവിന്റെ കല്പന നിവർത്തിക്കാനാകാതെ കുഴങ്ങുകയാണ് മാർ മിലിത്തിയോസ്.

കഴിഞ്ഞ അസോസിയേഷൻ യോഗത്തെതുടർന്ന് രോഗബാധിതനായ പ. പിതാവ് യാത്രകൾ ഒഴിവാക്കി പകരം പിൻഗാമിയെ നിയോഗിക്കുകയാണ് ചെയ്തത്. രോഗവിമുക്തി നേടിയെങ്കിലും പ. പിതാവ് യാത്രകളിൽ നിന്നൊഴിഞ്ഞു നിൽക്കുകയാണ്. ഇതോടൊപ്പം വിവിധ കമ്മറ്റികളിൽ അദ്ധ്യക്ഷത വഹിക്കാനുള്ള ചുമതലയും ശ്രേഷ്ഠ നിയുക്ത ബാവായെ ഏൽപ്പിച്ചിരിക്കുകയാണ്.

കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്തായായിരിക്കെയാണ് മാർ മിലിത്തിയോസിനെ ശ്രേഷ്ഠ നിയുക്ത കാതോലിക്കായായി തിരഞ്ഞെടുത്തത്. ആ ചുമതല നിൽക്കെത്തന്നെ യൂഹാനോൻ മാർ മിലിത്തിയോസിനെ ഒഴിവാക്കാനായി അങ്കമാലി ഭദ്രാസന ത്തിന്റെ ചുമതല കൂടി മാർ മിലിത്തിയോസിൽ തൽപ്പരകക്ഷികൾ കെട്ടിവെച്ചു. ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ആകസ്മിക ദേഹവിയോഗത്തോടെ ഇടുക്കി ഭദ്രാസനത്തിന്റെ ചുമതലയും ശ്രേഷ്ഠ നിയുക്ത കാതോലിക്കായ്ക്ക് നൽകി. ചുരുക്കത്തിൽ ഒരിടത്തും ഫലപ്രദമായി പ്രവർത്തിക്കാനാവാത്ത സ്ഥിതിയിലാണ് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ.

പ്രശ്നബാധിതമായ അങ്കമാലി ഭദ്രാസനത്തിൽ കേസുകൾ വിധി നടത്തുന്ന ഘട്ടത്തിലേയ്ക്കു കടന്നിരിക്കുന്ന സാഹചര്യത്തിൽ അതിനു കഴിവുള്ള ഒരു മുഴുവൻ സമയ മെത്രാപ്പോലീത്തായുടെ സേവനം അനിവാര്യമാണ്. എന്നാൽ ശ്രേഷ്ഠ നിയുക്തബാവായുടെ സമയക്കുറവ് മുതലെടുത്ത് ചില വിഭജനവാദികൾ അങ്കമാലി ഭദ്രാസനം കുളമാക്കുകയാണെന്നാണ് റിപ്പോർട്ടുകൾ.

അതിദ്രുതമായി വികസിച്ചുകൊണ്ടിരുന്ന ഇടുക്കി ഭദ്രാസനത്തിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലായി. ഇടുക്കിയിൽ റീത്തുകാരുടെ വലിയ വലയെ പൊട്ടിച്ചെറിഞ്ഞ ഔഗേൻ മാർ ദീവന്നാസ്യോസിന്റെ ആകസ്മിക വേർപാട് ഏൽപ്പിച്ച ഞെട്ടലിൽ നിന്നു വിമുക്തമാകാത്ത ഭദ്രാസനത്തിൽ അഡ്മിനിസ്ട്രേറ്ററാകാൻ ശ്രമിച്ച് അരമന മാനേജർ സ്ഥാനം കൊണ്ടു തൃപ്തിപ്പെടേണ്ടിവന്ന വൈദികൻ ഗ്രൂപ്പു കളിച്ചു ഭരിക്കുകയാണെന്നും ആരോപണമുണ്ട്.

എന്നാൽ, മാർ മിലിത്തിയോസിനെ തിരക്കിൽപ്പെടുത്തി ഭരണത്തിലിരിക്കുന്ന ഭദ്രാസനങ്ങളിൽ ഭരണപരാജയമുണ്ടാക്കി അദ്ദേഹത്തെ കഴിവില്ലാത്തവനായി മുദ്രയടിക്കാനുള്ള ഒരു എതിർ സ്ഥാനാർത്ഥിയുടെ തന്ത്രത്തിന്റെ ഭാഗമാണ് ഈ പ്രശ്നങ്ങളെന്നും പറയപ്പെടുന്നു.


**അൽമായവേദി**

**വാർഷിക വരിസംഖ്യ:**
**100 രൂപ (ഇന്ത്യയിൽ)**

**വിലാസം:**

**AKHILA MALANKARA ORTHODOX ALMAYA VEDI,**
**Post Box No. 652, Kottayam PIN 686 001**

## അസോസിയേഷൻ സെക്രട്ടറിക്ക് കാരണംകാണിക്കൽ നോട്ടീസ്

കോട്ടയം: ഗുരുതരമായ ഭരണഘടനാ ലംഘനങ്ങൾ നടത്തിയതിന് പുതിയ അസോസിയേഷൻ സെക്രട്ടറിക്ക് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡന്റു കൂടിയായ പ. ദിദിമോസ് പ്രഥമൻ ബാവാ കാരണം കാണിക്കൽ നോട്ടീസ് നൽകി.

കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയുടെ മിനിറ്റ്സ് മലങ്കര മെത്രാപ്പോലീത്തായുടെ അനുമതി കൂടാതെ അംഗങ്ങൾക്ക് വിതരണം ചെയ്തതാണ് ഇവയിൽ ഏറ്റവും പ്രധാനം. നടപടിപ്പിശകു മാത്രമല്ല ഗുരുതരമായ തെറ്റുകളും ഈ മിനിട്ട്സിൽ കടന്നുകൂടിയിട്ടുണ്ട്.

മലങ്കരസഭയുടെ ചരിത്രത്തിൽ ആദ്യമായാണ് അസോസിയേഷൻ സെക്രട്ടറിക്ക് രേഖാമൂലം കാരണംകാണിക്കൽ നോട്ടീസ് നൽകുന്നത്.

## മാപ്പപേക്ഷ നൽകി

കോട്ടയം: ഗുരുതരമായ ഭരണഘടനാലംഘനങ്ങൾ ചൂണ്ടിക്കാട്ടി പ. പിതാവ് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് അസോസിയേഷൻ സെക്രട്ടറി മറുപടി നൽകി. നിരുപാധികം ക്ഷമ ചോദിച്ചാണ് മറുപടി നൽകിയതെന്നറിയുന്നു. ഇതിനേക്കുറി ച്ചുള്ള പ. പിതാവിന്റെ പ്രതികരണം അറിവായിട്ടില്ല. അൽമായ ട്രസ്റ്റിയാണ് സെക്രട്ടറിയെ മാപ്പെഴുതാൻ പ്രേരിപ്പിച്ചതെന്നാണറിവ്.

## പങ്കില്ലെന്ന്

കോട്ടയം: പ. പിതാവിനെതിരായി ചില സ്ഥാനികൾ നടത്തുന്ന ഉപാജാപക പ്രവർത്തനങ്ങളിൽ തങ്ങൾക്ക് യാതൊരു പങ്കുമില്ലെന്നും തങ്ങളുടെ പേര് ചില തൽപ്പരകക്ഷികൾ അനാവശ്യമായി വലിച്ചിഴയ്ക്കുകയാണെന്നും കൂട്ടുട്രസ്റ്റികൾ പ. പിതാവിനെ ധരിപ്പിച്ചതായി അറിയുന്നു. ഒറ്റയ്ക്കൊറ്റയ്ക്കാണ് ഇരു ട്രസ്റ്റിമാരും പ. പിതാവിനെ ഈ വിവരം ധരിപ്പിച്ചത്.

## ഔദ്യോഗിക വക്താവ് പ്രസ്താവനകൾ നടത്തണം: പ. പിതാവ്

കോട്ടയം: തന്നോടും മറ്റു സ്ഥാനികളോടും ആലോചിച്ച് സഭയുടെ ഔദ്യോഗിക പ്രസ്താവനകളും പത്രക്കുറിപ്പുകളും നൽകാനാണ് ഫാ. ഡോ. ഒ. തോമസിനെ ഔദ്യോഗിക വക്താവായി നിയമിച്ചതെന്ന് പ. കാതോലിക്കാ ബാവാ അറിയിച്ചു.

പ. പിതാവിനെ സന്ദർശിച്ച അൽമായവേദി പ്രവർത്തകർ, സഭയിലെ ചില സ്ഥാനികൾ നടത്തുന്ന അനാവശ്യ പ്രസ്താനകൾ പ. പിതാവിന്റെ ശ്രദ്ധയിൽപെടുത്തിയതിനു പ്രതികരണമായാണ് ഇപ്രകാരം പ്രസ്താവിച്ചത്.

എന്നാൽ നിയമനം നടന്ന് മാസങ്ങൾ കഴിഞ്ഞിട്ടും ഫാ. ഡോ. ഒ. തോമസിന് ഔദ്യോഗിക വക്താവായി ചുമതലയേൽക്കാൻ കഴിഞ്ഞിട്ടില്ലെന്നാണറിയുന്നത്.

സഭയുടെ കേസുകൾ നടത്താനുള്ള ചുമതല ലീഗൽ സെല്ലിന്റെ ചുമതലക്കാരായ ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായ്ക്കും അഡ്വ. പി. ജി. ജേക്കബിനുമാണെന്നും മറ്റൊരു സ്ഥാനിയേയും കേസുനടത്താൻ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടില്ലെന്നും പ. പിതാവ് അറിയിച്ചു.

## ശക്തമായി പ്രതികരിക്കും: അൽമായവേദി

കോട്ടയം: പ. ദിദിമോസ് ബാവായെ വ്യക്തിപരമായോ, മലങ്കര മെത്രാപ്പോലീത്താ എന്ന സ്ഥാനത്തേയോ ചോദ്യം ചെയ്യാൻ ഏതെങ്കിലും സ്ഥാനികൾ ശ്രമിച്ചാൽ ശക്തമായി പ്രതികരിക്കുമെന്ന് അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി സെക്രട്ടറിയേറ്റ് അറിയിച്ചു.

ചില ചുവന്ന കുപ്പായമോഹികളും ചില സ്ഥാനികളും ചേർന്ന് ബാവായ്ക്കെതിരെ ചില ഉപജാപങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെതുടർന്നാണ് അൽമായവേദി ഇപ്രകാരം തീരുമാനി ച്ചത്.

ഇതിനിടെ പ. പിതാവിനെതിരെ അടുത്ത മാനേജിംഗ് കമ്മറ്റിയിൽ പടയൊരുക്കം നടത്താൻ ഒരു സ്ഥാനിയുടെ നേതൃത്വത്തിൽ ഏതാനും മാനേജിംഗ് കമ്മറ്റിയംഗങ്ങൾ പത്തനംതിട്ടയിൽ രഹസ്യയോഗം ചേർന്ന് തീരുമാനമെടുത്തതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു.

## ഔദ്യോഗിക വസതിയുടെ പണി ആരംഭിച്ചു

കോട്ടയം: പ. കാതോലിക്കായുടെ ഔദ്യോഗിക വസതിയുടെ പണി ആരംഭിച്ചു. ഇത് സംബന്ധമായുണ്ടായ തെറ്റിദ്ധാരണകൾ മാറിയെന്നാണ് സ്ഥാനികളോട് അടുത്ത കേന്ദ്രങ്ങൾ പറയുന്നത്.

രോഗിയായി അത്യാസന്നനിലയിൽ കഴിയുന്ന പൗലോസ് റമ്പാനെ (ഹെർമോൻ അരമന) അദ്ദേഹത്തിന്റെ അന്ത്യാഭിലാഷ മനുസരിച്ച് സന്ദർശിക്കുവാൻ പ. പിതാവ് പെട്ടന്ന് പോയതിനാലാണ് കഴിഞ്ഞ ആലോചനാ സമിതിയിൽ അദ്ദേഹം പങ്കെടുക്കാതിരുന്നത്.

പ. സുന്നഹദോസും വർക്കിംഗ് കമ്മറ്റിയും തീരുമാനിച്ചതനുസരിച്ചാണ് ഔദ്യോഗിക വസതിയുടെ പണിക്ക് ക്വട്ടേഷൻ ക്ഷണിച്ചത്. കഴിഞ്ഞ ആലോചനാസമിതിയിൽ അസോ. സെക്ര ട്ടറി ഉടക്കിയതാണ് പ്രശ്നങ്ങളുടെ തുടക്കം. അസോ. സെക്രട്ടറി യുടെ ഓഫീസ് പണിക്ക് തന്റെ അനുവാദം വാങ്ങാതെയാണ് നടത്തിയെന്നു പറഞ്ഞ് പ. പിതാവ് അതിന്റെ പണം കൊടുക്കാ നുള്ള ചെക്ക് ഒപ്പിടാതിരുന്നതിന്റെ പിണക്കം സെക്രട്ടറി ഈ വിഷയത്തിൽ തീർത്തതാണെന്നാണ് പറയപ്പെടുന്നത്.

സഭയുടെ ഔദ്യോഗിക വക്താവായി ഫാ. ഡോ. ഒ. തോമസിനെ നിയമിച്ചുകൊണ്ടുള്ള കല്പനയുടെ കോപ്പി കിട്ടിയയുടൻ, അസോ. സെക്രട്ടറി പ. പിതാവിനെ സന്ദർശിച്ച് ബഹളം വയ്ക്കുകയും താനും അൽമായ-വൈദിക ട്രസ്റ്റിമാരും രാജിവയ്ക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. പ. പിതാവിന്റെ മുറിയിൽ ഒരു മണിക്കൂറോളം നടന്ന ബഹളത്തിനൊടുവിൽ ഒ. തോമസച്ചനു നൽകിയ കല്പന തിരികെ വാങ്ങിച്ച് അതിൽ സെക്രട്ടറി പറഞ്ഞ തിരുത്തലുകൾ വരുത്തി നൽകുകയായിരുന്നു. ഇതേ തുടർന്ന് വഷളായ പ. പിതാവും അസോ. സെക്രട്ടറിയും തമ്മിലുള്ള ബന്ധം, സെക്രട്ടറിയുടെ ഓഫീസ് പണി, പ. പിതാവിന്റെ ഔദ്യോഗിക വസതിയുടെ പണി എന്നിവയോടെ മൂർച്ഛിക്കുകയായിരുന്നു.

ഓർത്തഡോക്സ് അൽമായവേദി നേതൃത്വം പ. പിതാവിനെ സന്ദർശിച്ച് ധാർമ്മിക പിന്തുണ വാഗ്ദാനം ചെയ്യുകയും, സ്ഥാനികളുടെ പ്രോട്ടോക്കോൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്ന പ്രശ്ന ത്തെ സംബന്ധിച്ച് രേഖാമൂലം പരാതി നൽകുകയും ചെയ്തു. പ്രസിഡണ്ട് കെ. വി. ഏബ്രഹാം, സെക്രട്ടറി തോമസ് ചാണ്ടി, ഫീലിപ്പോസ് പൊട്ടയ്ക്കാവേലിൽ, എം. കുര്യൻ തോമസ്, ജോയ്സ് തോട്ടയ്ക്കാട് എന്നിവർ പ. പിതാവുമായി നിലവിലുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ച നടത്തി.

## വിഭജന ആഹ്വാനം ക്രൈസ്തവമല്ല: ഓർത്തഡോക്സ് സഭ

പാമ്പാക്കുട: കേസുകൾ പിൻവലിച്ച് ഇരുസഭകളായി പിരിയണമെന്ന യാക്കോബായ സഭയുടെ ആഹ്വാനം സ്വന്തം നിലപാടുകളിൽ സംശയമുള്ളതുകൊണ്ടാണെന്ന് വൈദിക ട്രസ്റ്റി ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് പ്രസ്താവിച്ചു.

സത്യവും നീതിയും തങ്ങളുടെ പക്ഷത്താണെന്നു ബോധ്യമുള്ളവർക്കു കേസുകളെ ഭയക്കേണ്ട കാര്യമില്ല. സഭയെ വിഭജിക്കണമെന്ന ആഹ്വാനം ക്രൈസ്തവ സാക്ഷ്യത്തിനു നിരക്കുന്നതല്ലെന്നും സഭാ ഐക്യത്തിനായി എന്തു വിട്ടുവീഴ്ചയ്ക്കും ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു. തർക്കങ്ങൾ ഉണ്ടാകുമ്പോൾ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ അവ പരിഹരിക്കുകയാണു വേണ്ടതെന്നും ഫാ. ജോൺസ് വ്യക്തമാക്കി.

## റൂമേനിയൻ സഭയ്ക്ക് പുതിയ പാത്രിയർക്കീസ്

കോട്ടയം: റൂമേനിയൻ ഓർത്തഡോക്സ് സഭയുടെ പുതിയ പാത്രിയർക്കീസായി മോൾഡാവിയായിലെ ദാനിയേൽ മെത്രാപ്പോലീത്തായെ തിരഞ്ഞെടുത്തു. സെപ്തംബർ 13-ന് ആയിരുന്നു തിരഞ്ഞെടുപ്പ്.

റൂമേനിയൻ പാത്രിയർക്കീസായിരുന്ന തിയോക്ടിസ്റ്റ് ജൂലൈ 30-ന് കാലം ചെയ്തതിനെ തുടർന്നായിരുന്നു പുതിയ തിരഞ്ഞെടുപ്പ്. 92 കാരനായ പാത്രിയർക്കീസ് തിയോക്ടിസ്റ്റ് ഒരു ഓപ്പറേഷനെ തുടർന്ന് ഹൃദയാഘാതം മൂലമാണ് കാലം ചെയ്തത്.

1986-ൽ സ്ഥാനമേറ്റ തിയോക്ടിസ്റ്റ് പാത്രിയർക്കീസ് കമ്യൂണിസ്റ്റു ഭരണകൂടവുമായുള്ള സൗഹൃദത്തിനും 1999-ൽ പോപ്പ് ജോൺ പോൾ രണ്ടാമന് സ്വീകരണം നൽകിയതിലൂടെയും ഏറെ വിമർശനങ്ങൾക്കു വിധേയനായിരുന്നു. 1989-ൽ മലങ്കരസഭ സന്ദർശിച്ചിട്ടുണ്ട്. പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ ചരമ രജതജൂബിലി ഉദ്ഘാടനം ചെയ്തത് ഇദ്ദേഹമാണ്.

## ഇൻർ ചർച്ച് റിലേഷൻസ് കമ്മറ്റി നോക്കുകുത്തിയാവുന്നു

കോട്ടയം: റൂമേനിയൻ പാത്രിയർക്കീസിന്റെ ദേഹവിയോഗവും പുതിയ പാത്രിയർക്കീസിന്റെ സ്ഥാനാരോഹണവും അറിയാത്തതോടെ മലങ്കരസഭയുടെ ഇന്റർ ചർച്ച് റിലേഷൻസ് കമ്മറ്റി പൂർണ്ണമായും നിർജ്ജീവമാണെന്ന അൽമായവേദിയുടെ കണ്ടെത്തൽ ശരിയാണെന്നു ഒരിക്കൽ കൂടി വ്യക്തമായി.

മുൻകാലങ്ങളിൽ ഓർത്തഡോക്സ് സഭാതലവന്മാരുടെ ദേഹ വിയോഗവും സ്ഥാനാരോഹണവും സഭാ മാധ്യമങ്ങൾ വഴി സഭാംഗങ്ങളെ അറിയിക്കുകയും അനുശോചന - അനുമോദന കല്പനകൾ അയയ്ക്കുകയും ചെയ്യുമായിരുന്നു. എന്നാൽ സമീപകാലത്ത് ഇത്തരം യാതൊരു സംഭവങ്ങളും സഭ അറിയുന്നില്ല.

ഡോ. ഫിലിപ്പോസ് മാർ തേയോഫിലോസ്, ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ് തുടങ്ങിയ പ്രഗൽഭരായ മെത്രാപ്പോലീത്താമാരുടെ കാലത്ത് അന്തർ സഭാ ബന്ധ സമിതി സജീവമായിരുന്നു. ഇപ്പോൾ ഫിലിപ്പോസ് മാർ യൂസേബിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായുള്ള സമിതി യോഗം ചേർന്നിട്ടുതന്നെ വർഷങ്ങളായി. ചില മെത്രാപ്പോലീത്താമാരുടെ വിദേശ യാത്രാപ്രേമത്തിന്റെ പൂർത്തീകരണം മാത്രമാണ് ഇന്ന് സഭാ ബന്ധ സമിതിയുടെ ഏക പ്രവർത്തനമെന്ന് ആരോപണമുയരാൻ തുടങ്ങിയിട്ട് വർഷങ്ങളായി.

അന്തർദേശീയ വേദികളിലേയ്ക്കുള്ള സഭാ പ്രതിനിധി സംഘത്തിൽ വൈദിക-അവൈദിക അംഗങ്ങളെ ചേർക്കാതായിട്ടും കാലമേറെയായി. അഖിലലോക സഭാ കൗൺസിൽ യോഗത്തിൽ യുവജന-വനിതാ പ്രാതിനിത്യം നിഷ്കർഷിക്കുന്നുള്ളതിനാൽ അതിൽ മാത്രം ഇപ്പോഴും നാമമാത്ര പ്രാതിനിത്യമുണ്ട്. എന്നാൽ ഈ ഭാഗം ഒരു ബോംബെ ലോബി കൈയ്യടക്കി വെച്ചിരിക്കുകയാണെന്നും യാതൊരു മാനദണ്ഡവുമില്ലാതെ ഈ ലോബിയാണ് പ്രതിനിധികളെ അയയ്ക്കുന്നതെന്നും ആരോപണമുണ്ട്.

കഴിവും മലങ്കരസഭയുടെ അമ്പാസിഡറാകാനുള്ള ശേഷിയുമുള്ള ഒരു മെത്രാപ്പോലീത്തായ്ക്കു ചുമതല നൽകി അന്തർ സഭാ ബന്ധ സമിതി സജീവമാക്കണമെന്ന് ആവശ്യമുയർന്നിട്ടുണ്ട്.

## ഇടവേളയ്ക്കു വിട; സഭാതർക്കം വീണ്ടും ചൂടുപിടിക്കുന്നു

കോട്ടയം: ഒരു ഇടവേളയ്ക്കുശേഷം സഭാ തർക്കങ്ങൾ വീണ്ടും സജീവമാകുന്നതായി സൂചന. കോടതിയിൽ നിന്ന് ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായി ലഭിച്ചുകൊണ്ടിരിക്കുന്ന വിധിന്യായങ്ങളുടെ ചുവടുപിടിച്ച് അവരും എതിർത്തു നിൽക്കാൻ യാക്കോബായ സമുദായവും കോപ്പുകൂട്ടി തുടങ്ങിയതോടെയാണ് പ്രശ്നം വീണ്ടും സജീവമായത്.

പ്രത്യക്ഷ പോരാട്ടങ്ങളിലേക്ക് നീങ്ങിയിട്ടില്ലെങ്കിലും ഇടവക തലത്തിൽ കേസുകൾക്കു വേണ്ടിയുള്ള ധനസമാഹരണവും സംരക്ഷണസേനകളായി യുവജന വിഭാഗങ്ങളെ ശക്തിപ്പെടുത്തലുമാണ് നടന്നുവരുന്നത്.

മലങ്കര വർഗീസ് വധത്തിൽ സി. ബി. ഐ. അന്വേഷണം പ്രഖ്യാപിച്ചുകൊണ്ടുള്ള ഹൈക്കോടതി വിധിയാണ് ഓർത്ത ഡോക്സ് വിഭാഗം തങ്ങൾക്കനുകൂലമായി ഉയർത്തിക്കാട്ടുന്നത്. യാക്കോബായ സഭയുടെ തട്ടകത്ത് ഓർത്തഡോക്സ് വിഭാഗത്തിനുവേണ്ടി ശക്തമായി വാദിച്ചിരുന്ന വ്യക്തിയായിരുന്നു കൊല്ലപ്പെട്ട വർഗീസ്.

പോലീസ് അന്വേഷണം ശരിയായ രീതിയിലല്ലെന്ന് ആരോപിച്ച് ഒന്നര വർഷം മുമ്പാണ് വർഗീസിന്റെ ഭാര്യ സാറാമ്മ കോടതിയെ സമീപിച്ചത്. നിയമപോരാട്ടത്തിന് ആവശ്യമായ എല്ലാ സഹാ യവും നൽകിയത് സഭാനേതൃത്വമാണ്.

കൊലപാതകത്തിന് പിന്നിലെ ഗൂഢാലോചന സി. ബി. ഐ. പുറത്തു കൊണ്ടുവരുമെന്നും, അതോടെ മറു വിഭാഗത്തെ പല ഉന്നതരും കുടുങ്ങുമെന്നും ഓർത്തഡോക്സ് പക്ഷം പ്രചരിപ്പിക്കുന്നുണ്ട്. ഇതിനു പുറമെ സഭയിലെ കേസുകൾ എല്ലാം ഏകോപി പ്പിച്ച് നടത്താൻ എറണാകുളത്ത് ലീഗൽ സെൽ തുടങ്ങുകയാണ് നേതൃത്വം. ഒക്ടോബർ ആദ്യവാരം ഇതിന്റെ ഉദ്ഘാടനം നടക്കും.

ഇടവകതലം മുതലുള്ള കേസുകൾ സഭാനേതൃത്വത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വിശ്വാസത്തിൽ അടിയുറച്ചു നിന്ന് യാക്കോബായ സമുദായം നടത്തുന്ന പോരാട്ടങ്ങളെ കേസുകളുടെ സമ്മർദ്ദത്തിലൂടെ പ്രതിരോധിക്കാം എന്ന വിശ്വാസത്തിലാണ് ഇവർ.

തീവ്രവിശ്വാസികളെ സഭാ പ്രവർത്തനങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കുകയാണ് യാക്കോബായ സമൂഹം. വൈദികരും, സഭാ കേസ് സംബന്ധിച്ച് അവഗാഹമുള്ള ഇടവക പ്രമാണിയും വീടു കയറിയുള്ള പ്രചാരണം ആരംഭിച്ചിരിക്കുകയാണ്.

എല്ലാ ആരാധനാലയങ്ങളും തങ്ങളിലേക്ക് ഉറപ്പിച്ചു നിർത്തണം എന്ന സന്ദേശമാണ് ഇത്തരം സ്ക്വാഡുകൾ ഹൗസ് മീറ്റിംഗുകളിൽ നൽകുന്നത്. ഓർത്തഡോക്സ് പക്ഷം നടത്തുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന രക്തസാക്ഷി ദിനാചരണത്തോടെ പോരാട്ടങ്ങൾ വീണ്ടും തിരശീലയ്ക്ക് മുന്നിൽ എത്തിയേക്കും.

*(കേരള കൗമുദി, സെപ്റ്റംബർ 21, വെള്ളി)*

## ജോർജ് മാത്യു ചക്കാലപ്പറമ്പിൽ അൽമായവേദി ട്രഷറർ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി ട്രഷററായി ജോർജ് മാത്യു ചക്കാലപ്പറമ്പിൽ തിരഞ്ഞെടുക്കപ്പെട്ടു. അൽമായവേദിയുടെ എല്ലാ സാമ്പത്തിക കാര്യങ്ങൾക്കും അദ്ദേഹവുമായാണ് ബന്ധപ്പെടേണ്ടത്.

**ഫോൺ നമ്പർ: 93499 16816**

## പ്രോട്ടോക്കോൾ ലംഘനം: പരാതി നൽകി

കോട്ടയം: വൈദിക - അൽമായ ട്രസ്റ്റിമാരുടെ പ്രോട്ടോക്കോൾ ലംഘിച്ച് മാധ്യമങ്ങളിൽ തുടരെ വരുന്ന പ്രസ്താവനകൾ ഭരണഘടനാവിരുദ്ധമാണെന്നും അവ തടയണമെന്നും അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ. പിതാവിന് രേഖാമൂലം അപേക്ഷ നൽകി:

 പ. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡന്റുമായ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവാ തിരുമുമ്പാകെ.

തൃക്കൈമുത്തി തിരുമനസറിയിക്കുന്നത്.

പ. പിതാവേ, 1934-ൽ മലങ്കരസഭാഭരണഘടന പാസാക്കിയതു മുതൽ മലങ്കരസഭ പിന്തുടരുന്ന സ്ഥാനക്രമം വൈദികട്രസ്റ്റി, അൽമായട്രസ്റ്റി, അസോസിയേഷൻ സെക്രട്ടറി എന്നീ രീതിയിലാണ്. ഇന്നും ചടങ്ങുകളിൽ ഈ രീതിയാണ് പിന്തുടരുന്നത്.

എന്നാൽ സമീപകാലത്ത് സഭയുടേതായി വരുന്ന പത്ര പ്രസ്താവനകളിൽ ഈ കീഴ്വഴക്കം ലംഘിച്ച് അസോസിയേഷൻ സെക്രട്ടറിയുടെ പേര് ട്രസ്റ്റിമാർക്ക് മുകളിലായി എഴുതുന്നതായി കാണുന്നു. ഗുരുതരമായ ഈ കീഴ്വഴക്കലംഘനത്തെപ്പറ്റി ഞങ്ങൾ അന്വേഷിച്ചതിൽ ദേവലോകത്തുനിന്നുള്ള നിർദ്ദേശപ്രകാരമാണ് ഇപ്രകാരം മാറ്റിയത് എന്ന മറുപടിയാണ് പത്രസ്ഥാപനങ്ങളിൽ നിന്നും ഞങ്ങൾക്കു ലഭിച്ചത്.

ആയതുകൊണ്ട് പ. പിതാവ് ഈ വിഷയം അടിയന്തിരമായി പരിഗണിക്കുകയും വൈദിക ട്രസ്റ്റി, അൽമായട്രസ്റ്റി അസോസിയേഷൻ സെക്രട്ടറി എന്ന സ്ഥാനക്രമം പത്ര പ്രസ്താവനകളിൽ കർശനമായും പാലിക്കണമെന്ന് ദേവലോകത്തെ ഓഫീസിലും പത്രമാധ്യമങ്ങളിലും നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു. അല്ലാത്തപക്ഷം ഇത് ഭാവിയിൽ ഗുരുതരമായ അച്ചടക്ക പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു.

മാനേജിംഗ് കമ്മറ്റിയുടെ അറിവോടെ പ. പിതാവ് സഭയുടെ ഔദ്യോഗിക വക്താവായി ഫാ. ഡോ. ഒ. തോമസിനെ നിയമിച്ചിരിക്കുന്ന സാഹചര്യത്തിൽ സഭയുടെ ഔദ്യോഗിക പ്രസ്താവനകൾ അദ്ദേഹം മാത്രം നൽകുന്നതാണ് അഭികാമ്യമെന്നും അറിയിച്ചുകൊള്ളട്ടെ.

സഭയുടെ കേസുകൾ ക്രിയാത്മകമായും ഫലപ്രദമായും ഏകോപിതമായും മുമ്പോട്ടു കൊണ്ടുപോകുവാൻ പ. പിതാവ് ഒരു ലീഗൽ സെല്ലിനെ നിയമിച്ചിട്ടുണ്ടല്ലോ. എന്നാൽ ഈ ലീഗൽ സെല്ലിൽ ചർച്ച ചെയ്യുകയോ അറിയിക്കുകയോ ചെയ്യാതെ ചില സഭാസ്ഥാനികൾ ഏകപക്ഷീയമായി കേസുകളും തുടർ നടപടികളും നടത്താൻ ശ്രമിക്കുന്നതായി അറിയുന്നു.

ലീഗൽസെൽ അറിയാതെ സുപ്രധാനമായ ചില കേസുകൾ നടത്തുവാൻ പ്രോത്സാഹനം ചില സ്ഥാനികൾ നൽകുകയും അതിനാവശ്യമായ ചിലവുകൾ (ഏത്ര ഭീമമായാലും) ദേവലോകത്തു നിന്നു നൽകാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്യുന്നുണ്ട്.

വിധിനടത്തിപ്പിനും സഭായോജിപ്പിനും ഏറ്റവും അനുയോജ്യമായ സാഹചര്യം നിലവിലുള്ള ഈ സമയത്ത് ഇത്തരം ഏകപക്ഷീയമായ നീക്കങ്ങൾ സഭയ്ക്ക് തീർച്ചയായും ദോഷം ചെയ്യും.

ആയതിനാൽ പ. പിതാവ് ഉടൻ ലീഗൽസെൽ വിളിച്ചുകൂട്ടുവാനുള്ള നടപടികൾ സ്വീകരിക്കുകയും സ്ഥാനികളുടെ ഏകപക്ഷീയമായ കേസു നടത്തിപ്പുനടപടികൾ അവസാനിപ്പിക്കണമെന്ന് കർശനമായ കല്പന നൽകണമെന്നും അപേക്ഷിക്കുന്നു.

**അവിടുത്തെ ആത്മീയമക്കളായ അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി.**

## മാറ്റം ചോദിച്ചു വാങ്ങിയതെന്ന്!

കോട്ടയം: ഫാ. ഡോ. എം. ഒ. ജോണിനെ ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ നിന്നും നീക്കം ചെയ്തു എന്ന കല്പന പുറത്തുവന്നതോടെ പുതിയ പ്രചരണതന്ത്രങ്ങളുമായി ഫാ. ഡോ. എം. ഒ. ജോണിനെ പിന്തുണയ്ക്കുന്ന ഏതാനും പേർ രംഗത്തെത്തി.

ആലുവാ സെമിനാരി മാനേജർ സ്ഥാനം ഒരു തടങ്കലാണെന്നും, അവിടെനിന്നും രക്ഷപെടാൻ സ്ഥലംമാറ്റം ചോദിച്ചു വാങ്ങിയതാണെന്നുമാണ് അവരുടെ ഭാഷ്യം. വിദേശ പര്യടനങ്ങൾ, കൈപ്പട്ടൂർ സ്കൂളിന്റെ മാനേജർ സ്ഥാനം ഇവയ്ക്കു കൂടുതൽ അനുയോജ്യം കുണ്ടറ സെമിനാരിയാണെന്നും ഇക്കൂട്ടർ ചൂണ്ടിക്കാണിക്കുന്നു.

കൂടാതെ അടുത്ത ഏപ്രിലിൽ നടക്കുന്ന മെത്രാൻ തിരഞ്ഞെടുപ്പിൽ കൂടുതൽ ഫലപ്രദമായി വോട്ടുപിടുത്തം നടത്താനുള്ള സൗകര്യവും കുണ്ടറയിലാണെന്നും ഇവർ അവകാശപ്പെടുന്നു.

## പുനഃസംഘടിപ്പിച്ചു

കോട്ടയം: മലങ്കര ഓർത്തഡോക്സ് ചർച്ച് പബ്ലീഷിംഗ് കമ്മറ്റി പുനഃസംഘടിപ്പിച്ചു. കോട്ടയം ഓർത്തഡോക്സ് സെമിനാരി അദ്ധ്യാപകനായ ഫാ. തോമസ് വർഗ്ഗീസാണ് പുതിയ സെക്രട്ടറി.

അഴിമതിക്കും സ്വജനപക്ഷപാതത്തിനും കുപ്രസിദ്ധിയാർജിച്ച മുൻ സെക്രട്ടറിയെ മാറ്റണമെന്ന് അൽമായവേദി ദീർഘകാലമായി ആവശ്യപ്പെട്ടു വന്നിരുന്നതാണ്. പഴയ കമ്മറ്റിയിലെ അംഗ ങ്ങളിൽ ചിലരെ പുതിയ സമിതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. നേരത്തെ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ എം. ഒ. സി. യുടെ പ്രസിഡന്റായി പ. സുന്നഹദോസ് നിയമിച്ചിരുന്നു.

# കടവിൽ തിരുമേനിയുടെ ശതാബ്ദി ആഘോഷിക്കാൻ നിർദ്ദേശം

കോട്ടയം: കോട്ടയം, അങ്കമാലി ഇടവകകളുടെ മെത്രാപ്പോലീത്തായായിരുന്ന കടവിൽ പൗലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ ചരമശതാബ്ദി സമുചിതമായി ആഘോഷിക്കാൻ കോട്ടയം-അങ്കമാലി ഭദ്രാസനാധിപന്മാർക്ക് പ. പിതാവ് കല്പന നൽകി.

പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് വാഴിച്ച ആറു മേല്പട്ടക്കാരിൽ ഒരാളായിരുന്ന മാർ അത്താനാസ്യോസ് കോട്ടയം ഇടവകയുടെ പ്രഥമ മെത്രാപ്പോലീത്തായും അങ്കമാലി ഇടവകയുടെ ദ്വിതീയ മെത്രാപ്പോലീത്തായും ആയിരുന്നു. പ. വാകത്താനത്തു ബാവ, പ. കല്ലാശ്ശേരി ബാവാ, പ. ഔഗേൻ ബാവാ, പ. പാമ്പാടി തിരുമേനി, കുറ്റിക്കാട്ടിൽ തിരുമേനി, പാറേട്ട് തിരുമേനി തുടങ്ങിയവരെ കണ്ടെത്തി പട്ടത്വത്തിന്റെ പ്രഥമപടിയിൽ പ്രവേശിപ്പിച്ചതും ആലുവാ തൃക്കുന്നത്തു സെമിനാരി സ്ഥാപിച്ചതും ഇദ്ദേഹമാണ്. 1907 നവംബർ രണ്ടിനു കാലം ചെയ്ത ഇദ്ദേഹത്തെയാണ് ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ ആദ്യം കബറട ക്കിയത്. കോട്ടയം ഇടവകയുടെ ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, അങ്കമാലിയുടെ ചുമതലയുള്ള ശ്രേഷ്ഠ നിയുക്തബാവാ എന്നിവർക്കാണ് പ. പിതാവ് കല്പന നൽ കിയിരിക്കുന്നത്. 2007 നവംബർ രണ്ടിന് കടവിൽ മെത്രാച്ചന്റെ ചരമ ശതാബ്ദി സമുചിതമായി ആഘോഷിക്കണമെന്ന് അൽമായവേദി മാസങ്ങൾക്കു മുമ്പു തന്നെ പ. പിതാവിനോട് ആവശ്യപ്പെട്ടിരുന്നു.

# ഇരുപത്തിയൊന്നാം മാർത്തോമ്മാ?

### ഫാ. ഗീവറുഗ്ഗീസ് ആമ്പല്ലൂർ കാരയ്ക്കൽ

മലങ്കര മാർത്തോമ്മാ സഭയുടെ പുതിയ പരമാദ്ധ്യക്ഷനായി ഡോ. ജോസഫ് മാർ ഐറേനിയോസ് സ്ഥാനാരോഹണം ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ സ്ഥാനത്തെക്കുറിച്ച് പത്ര - ദൃശ്യ മാധ്യമങ്ങളിൽ ഔദ്യോഗിക സഭാനേതൃത്വം നൽകിയ വാർത്തകളിലും മറ്റും വിശേഷിപ്പിച്ചിരിക്കുന്നത് മാർ ഐറേനിയോസ് *ഇരുപത്തിയൊന്നാം മാർത്തോമ്മാ*യെന്നാണ്. മതനിരപേക്ഷ സമൂഹത്തിൽ ഇതൊരു തെറ്റിദ്ധാരണയും, മലങ്കരസഭയ്ക്ക് ഇതു പുതിയ വെല്ലുവിളിയുമാണ്. മലങ്കര റീത്തുകാരുടെ പുതിയ കാതോലിക്കാ, മലങ്കരയുടെ പ. കാതോലിക്കാമാരുടെ പിൻഗാമിയെന്നും, അഭിനവ കാതോലിക്കാ വട്ടശ്ശേരിൽ തിരുമേനിയുടെ സ്വന്ത കുടുംബക്കാരനെന്നും മാധ്യമങ്ങളിൽ പരസ്യം നല്കി മലങ്കരസഭയുടെ പൈതൃകവും, അതിന്റെ സ്വയംശീർഷകത്വവും തങ്ങളുടേതു കൂടിയാണെന്നു സ്ഥാപിക്കുവാൻ ശ്രമിക്കുന്ന ഇതര സഭകളുടെ ശ്രമം, ഒരു പാഴ്കിനാവായി കാണുകയേ നിവർത്തിയുള്ളൂ.

1889-ലെ കോടതിവിധിയോടു കൂടി വേർപിരിഞ്ഞുവെന്നു മനസ്സിലാക്കുന്ന മാർത്തോമ്മാ സഭയുടെ 127 വർഷ ചരിത്രത്തിൽ ഇരുപത്തിയൊന്നാമത് മാർത്തോമ്മാ മെത്രാപ്പോലീത്തായാണ് ഐറേനിയോസ് എന്നു പറയുന്നതിൽ എന്തു യുക്തിയാണുള്ളത്. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ്, തോമസ് മാർ അത്താനാസ്യോസ്, തീത്തൂസ് I, തീത്തൂസ് I, ഏബ്രഹാം മാർത്തോമ്മാ, യൂഹാനാൻ മാർത്തോമ്മാ മെത്രാപ്പോലീത്താ, മാർ അലക്സാണ്ടർ മെത്രാപ്പോലീത്താ, മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ എന്നിവരാണ് അദ്ദേഹത്തിന്റെ മുൻഗാമികൾ - അങ്ങനെ ആകെ ഒൻപത് പേർ. അതിൽ തന്നെ മലങ്കര മെത്രാപ്പോലീത്തായായിരുന്ന മാത്യൂസ് മാർ അത്താനാസ്യോസ് നവീകരണ ഉപദേശം പിന്തുടർന്നുവെങ്കിലും വെട്ടിക്കുറച്ച തക്സാ ഉപയോഗിച്ചിരുന്നുവോ എന്നു പറയുക വയ്യ.

ഇരുപത്തിയൊന്നാം മാർത്തോമ്മാ മെത്രാപ്പോലീത്തായെന്നു പറയുന്നത് 1653 മുതൽ 1817 വരെ കൂനൻകുരിശു സത്യത്തിനു ശേഷം മലങ്കര ഭരിച്ചിരുന്ന പകലോമറ്റം തറവാട്ടിലെ ഒൻപത് മാർത്തോമ്മാ മെത്രാന്മാരെയും പുലിക്കോട്ടിൽ ദിവന്ന്യാസ്യോസ് I, പുന്നത്ര ദിവന്നാസ്യോസ്, ചേപ്പാട് ദിവന്നാസ്യോസ്, പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് എന്നിവരെയും ഉൾപ്പെടുത്തിയാണ്. ഇവരെല്ലാം മാർത്തോമ്മാ സഭയുടെ പൂർവ്വിക മെത്രാന്മാരാണോ? ഇന്നത്തെ മാർത്തോമ്മാ സഭയുടെ 'മാർത്തോമ്മാ' എന്ന പദ വ്യാപ്തിയിൽ എങ്ങനെയാണ് ഇവർ ഉൾപ്പെടുക.

ഉത്തരം കണ്ടെത്തേണ്ടുന്ന പല ചോദ്യങ്ങളും മാർത്തോമ്മാസഭ ഇതിനഭിമുഖീകരിക്കേണ്ടി വരും.

(1) പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനു പിൻഗാമിയായി വന്ന തോമസ് അത്താനാസ്യോസിനെ 1889-ലെ റോയൽ കോടതി വിധിയിൽ പിൻഗാമിയാക്കി അംഗീകരിച്ചിരുന്നുവോ?

(2) മലങ്കരസഭയിലെ ഭൂരിഭാഗ അംഗങ്ങളും, ഗവൺമെന്റും പുലിക്കോട്ടിൽ ജോസഫ് ദിവന്നാസ്യോസ് V- നെ അംഗീകരിക്കയും അദ്ദേഹം സഭയെ നയിക്കുകയും ചെയ്തു. ഇതേസമയം തോമസ് മാർ അത്താനാസ്യോസ് മാരാമണ്ണിൽ താമസിക്കുകയും, അദ്ദേഹത്തിന്റെ പിൻഗാമികൾ പുതിയ സഭയായിത്തീരുകയുമല്ലേ ചെയ്തത്?

(3) മുൻഗാമികളുടെ പാരമ്പര്യം അദ്ദേഹം അംഗീകരിച്ചുവെങ്കിൽ, വെട്ടിക്കുറക്കാത്ത തക്സ, ആ പിതാക്കന്മാരുടെ ഓർമ്മപെരുന്നാൾ, ആചാരങ്ങൾ ഇവ തോമസ് അത്താനാസ്യോസോ പിൻഗാമികളോ അനുവർത്തിച്ചിരുന്നോ?

(4) മാർത്തോമ്മാ VI -മന്റെ നിർദ്ദേശപ്രകാരം മാർത്തോമ്മാ ഏഴാമൻ ബ്രിട്ടീഷ് ഗവൺമെന്റിൽ നിക്ഷേപിച്ച 3000 പൂവരാഹൻ (വട്ടിപ്പണം) പലിശ, 1960-ൽ ഈ മാർത്തോമ്മാമാരുടെ പിൻഗാമി പ. കല്ലാശേരിൽ ഗീവറുഗീസ് II ബാവ ഇന്ത്യാ ഗവൺമെന്റിൽ നിന്നും കൈപ്പറ്റി. ആയതിനു ആ മാർത്തോമ്മാമാരുടെ പിൻഗാമിയായി ഒരൊറ്റ അവകാശിയേയെ ഇന്ത്യാ ഗവൺമെന്റ് കണ്ടുള്ളൂ. എക്കാലത്തെയും സഭാനേതാക്കളിൽ സുഹൃദ് ബന്ധത്തിൽ മാതൃകയാണ് പ. ഗീവറുഗ്ഗീസ് II ബാവയും, യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായും. പക്ഷേ, യൂഹാനോൻ മാർത്തോമ്മായുടെ ഒപ്പോ അനുവാദമോ ഇക്കാര്യത്തിൽ ആവശ്യമായി വന്നിട്ടില്ല.

(5) 1952-ലെ മെത്രാൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാർത്തോമ്മാസഭയിൽ നിന്നും സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭ പിരിഞ്ഞു. അതിന്റെ ഇന്നത്തെ ബിഷപ്പ്, പാലക്കുന്നത്ത് മാത്യൂസ് അത്താനാസിയോസ് മുതൽ ഏബ്രഹാം മാർത്തോമ്മാ വരെയുള്ള മാർത്തോമ്മാ സഭയിലെ പിതാക്കന്മാരെ തന്റെ മുൻഗാമികൾ എന്നു വിശേഷിപ്പിച്ചാൽ മാർത്തോമ്മാ സഭയ്ക്കതു നിഷേധിക്കാനാവുമോ?

(6) അബ്രഹാം മൽപ്പാനച്ചന്റെ നവീകരണാശയങ്ങളിൽ പ്രബലപ്പെട്ട്, തക്സാ വെട്ടിക്കുറച്ച്, പരിശുദ്ധന്മാരുടെയും, വാങ്ങിപ്പോയവരുടെയും, മദ്ധ്യസ്ഥതയും ഓർമ്മയാചരിക്കലും ഒഴിവാക്കി 66 പുസ്തകങ്ങളടങ്ങിയിരിക്കുന്ന വേദപുസ്തകം സഭയുടെ ഉപദേശങ്ങൾക്കാധാരമെന്ന് ഭരണഘടനയിൽ തന്നെ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇത്തരം കാര്യങ്ങളിൽ അണുവിടപോലും വ്യതിചലിക്കാതെ തങ്ങളുടെ ശുശ്രൂഷ പൂർത്തീകരിച്ച പിതാക്കന്മാരെ, അവരുടെ ഉപദേശങ്ങളെയും ആചാരങ്ങളെയും സ്വീകരിക്കാത്ത മാർത്തോമ്മാസഭാ മെത്രാപ്പോലീത്തായുടെ മുൻഗാമികൾ എന്നു പറഞ്ഞാൽ ആർക്കാണു മനസിലാവുക?

ഇന്നത്തെ മധ്യതിരുവിതാംകൂർ ക്രിസ്ത്യാനികളുടെ പ്രവണതയാണ് തങ്ങളുടെ കുടുംബചരിത്രമെഴുതി കുറവിലങ്ങാടിനോടും പകലോമറ്റം കുടുംബത്തോടും ബന്ധിപ്പിക്കുകയെന്നത്. മാർത്തോമ്മാ സഭയുടെ ഇത്തരം പ്രവണതകൾ, ഈ ചരിത്രകാരന്മാരുടെ സൃഷ്ടികളുടെ നിലയിലേക്ക് തരം താഴാതിരിക്കട്ടെ. മലങ്കര ഓർത്തഡോക്സ് സഭയുടെ സഹോദരി സഭയെന്ന നിലയിൽ പരസ്പര സഹവർത്തിത്വം എല്ലാ നിലയിലും പുലർത്തുന്നതോടൊപ്പം അതിന്റെ വ്യതിരിക്തത വേദശാസ്ത്രത്തിലും, പൈതൃകത്തിലും നിലനിർത്തുകയും വേണം. മാർത്തോമ്മാ സഭയ്ക്കു തനതായ എപ്പിസ്കോപ്പസിയും, സുശക്തമായ ജനകീയ ഭരണഘടനയും, ആദ്ധ്യാത്മിക പ്രസ്ഥാന ശൈലിയുമുണ്ട്. അതാണ് അതിനെ മറ്റു സഭകളിൽനിന്നും വേറിട്ടു നിർത്തുന്നതും. കഴിഞ്ഞ ഒന്നര നൂറ്റാണ്ടായി പിന്തുടരുന്ന പാരമ്പര്യവും, ശ്രേഷ്ഠതയും, വേദശാസ്ത്ര ആരാധനശൈലിയും നിലനിർത്തുന്നതോടൊപ്പം മലങ്കര ഓർത്തഡോക്സ് സഭയുടെ പൈതൃകത്തോട് അതു കൂട്ടിച്ചേർക്കാതിരിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു. പിതാക്കന്മാരുടെ ഓർമ്മയും, വേദശാസ്ത്രവും മലങ്കരസഭ അനുവർത്തിക്കുമ്പോഴും, ആ പൈതൃകവും, കബറിടവും കാത്തുസൂക്ഷിക്കുമ്പോഴും, അതു ഓർത്തഡോക്സ് സഭയ്ക്കു പങ്കുവയ്ക്കാനാവില്ല എന്ന് ഖേദപൂർവം അറിയിക്കട്ടെ. മാർത്തോമ്മാ സഭയുടെ പുതിയ മെത്രാപ്പോലീത്തായായി സ്ഥാനാരോഹണം ചെയ്തിരിക്കുന്ന ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് ആയിരം ആശംസകൾ!!!

PRINTED MATTER ONLY
(P & T Section II Clause 121)

To

From,

AKHILA MALANKARA ORTHODOX ALMAYA VEDHI
POST BOX NO. 652, KOTTAYAM 686 001

**സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്.**

**Almayavedi:** Printed and Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi, PB No. 652, Kottayam - 686001,
printed at Sophia Print House, Surya Guest Line, Thekkenada, Kottayam and published from Kottayam. Editor: Philipose Pottakkavayalil Ph: 93497 54448